2023
SEPTEMBER
01
FRIDAY
Special Issue-e Paper
E-mail: societytodaynews@gmail.com

# സൊസൈറ്റി ടുഡേ

OJUSET capsules
ഓജസെറ്റ് ക്യാപ്സൂൾ
SINCE 1995

## റിലയൻസിന്റെ ലക്ഷ്യം കൂടുതൽ യുവത്വം, വൈവിധ്യം



**കൊച്ചി:** ഇനി പുതിയ റിലയൻസ് റിലയൻസ് ഇൻഡസ്ട്രീസ് വാർഷിക പൊതുയോഗത്തിൽ ചെയർമാൻ മുകേഷ് അംബാനി നടത്തിയ പ്രഖ്യാപനപ്പെരുമഴയിൽ ചുരുക്കമിതാണ്. പരമ്പരാഗത ബിസിനസ് മേഖലകളിൽ ചുവടുറപ്പിച്ചു തന്നെ പുതിയ കാലത്തിന്റെ സാധ്യതകളിലേക്കു കുതിക്കുമെന്ന പ്രഖ്യാപനം. ബോർഡ് ഓഫ് ഡയറക്ടേഴ്സിൽ മക്കളായ ഇഷ, ആകാശ്, അനന്ത് എന്നിവരെ ഉൾപ്പെടുത്തിയതും കൂടുതൽ യുവത്വവും വൈവിധ്യവും ലക്ഷ്യമിട്ടു തന്നെ. പുതിയ പദ്ധതി പ്രഖ്യാപനങ്ങളെല്ലാം ഒട്ടേറെ തൊഴിലവസരങ്ങളും സൃഷ്ടിക്കും.

നിർമിത ബുദ്ധി (എഐ), ഹരിത ഇന്ധനം, ഫിൻടെക് സേവനങ്ങൾ, ജിയോ എയർ ഫൈബർ അതിവേഗ ഇന്റർനെറ്റ്, ബാറ്ററി ഫാക്ടറി, എഫ്എംസിജി തുടങ്ങിയ മേഖലകളിലെല്ലാം വമ്പൻ നിക്ഷേപം പ്രഖ്യാപിച്ച റിലയൻസ് ലക്ഷ്യമിടുന്നത് ഇന്ത്യൻ വ്യവസായ ലോകത്തു മറ്റൊരു ഡിസ്റപ്ഷൻ അഥവാ ഉടച്ചു വാർക്കൽ തന്നെ.

മൊബൈൽ കണക്ടിവിറ്റിയിൽ ജിയോ സൃഷ്ടിച്ച വിപ്ലവം അടുത്ത തലത്തിലേക്ക് ഉയർത്തുന്ന പ്രഖ്യാപനങ്ങളാണു മുകേഷ് അംബാനി നടത്തിയത്. ഒപ്പം, 2 ജി ഉപയോക്താക്കളെ 4ജിയിലേക്കു മാറ്റാനുള്ള ജിയോ ഭാരത് സ്മാർട് ഫോണും. 999 രൂപയ്ക്കു ലൈവ് ടിവി, വിഡിയോ സ്ട്രീമിങ് വിഡിയോസ്, യുപിഐ പണമിടപാടുകൾ തുടങ്ങിയവയാണു വാഗ്ദാനം.

പുതിയ പ്രഖ്യാപനങ്ങളെല്ലാം യുവാക്കളെ കൂടി ലക്ഷ്യമിട്ടാണ്. ജിയോ എയർ ഫൈബർ, ജിയോ സ്മാർട്ട് ഹോം പദ്ധതികളും എഫ്എംസിജി മേഖലയ്ക്കു നൽകുന്ന ശ്രദ്ധയും യുവാക്കളിൽ കണ്ണു നട്ടാണ്. ഫിൻടെക് മേഖലയിൽ രണ്ടും കൽപിച്ചാണ് അംബാനി പദമൂന്നുന്നത്. ജിയോ ഫിനാൻഷ്യൽ സർവീസസിന്റെ മൂലധന മൂല്യം 1.4 ലക്ഷം കോടി രൂപ! ലൈഫ്, ജനറൽ, ഹെൽത്ത് ഇൻഷുറൻസ് സേവനങ്ങൾ കൂടി ലഭ്യമാക്കാനുള്ള തീരുമാനം മത്സരം കടുത്തതാക്കും.

ഹരിത ഇന്ധനമെന്ന ആഗോള ലക്ഷ്യത്തിലേക്കു ചുവടു വച്ചാണു സമ്മർദിത ജൈവ വാതക പ്ലാന്റുകൾ (സിബിജി) സ്ഥാപിക്കാനുള്ള നീക്കം. കൃഷ്ണ ഗോദാവരി തടത്തിൽ നിന്നുള്ള പ്രകൃതി വാതക ഉൽപാദനം വർധിപ്പിക്കാനും റിലയൻസ് ഒരുങ്ങുകയാണ്. വൈദ്യുത വാഹനങ്ങളുടെ കുതിപ്പു മുന്നിൽ കണ്ടാണ് 4 ജിഗാ ബാറ്ററി ഫാക്ടറികൾ സ്ഥാപിക്കുന്നത്; 3 വർഷത്തിൽ നിക്ഷേപിക്കുന്നത് 60,000 കോടി രൂപ.

# അരി കയറ്റുമതി വിലക്ക്: 3 രാജ്യങ്ങൾക്ക് ഇളവ്



**ന്യൂഡൽഹി:** പച്ചരി കയറ്റുമതിക്ക് ഇന്ത്യ ഏർപ്പെടുത്തിയ വിലക്കിൽ സിംഗപ്പൂർ, ഭൂട്ടാൻ, മൊറീഷ്യസ് എന്നീ രാജ്യങ്ങൾക്ക് ഇളവ്. ഇവിടങ്ങളിലേക്കുള്ള കയറ്റുമതിക്ക് കേന്ദ്രം പ്രത്യേക അനുമതി നൽകി. നിയന്ത്രിത തോതിൽ മാത്രമേ കയറ്റുമതി അനുവദിക്കൂ. സിംഗപ്പൂർ (50,000 മെട്രിക് ടൺ), മൊറീഷ്യസ് (14,000 മെട്രിക് ടൺ), ഭൂട്ടാൻ (79,000 മെട്രിക് ടൺ) എന്നിങ്ങനെയാണ് അനുമതി.

മറ്റു രാജ്യങ്ങളിലേക്കുള്ള കയറ്റുമതിക്കുള്ള വിലക്ക് തുടരും. 3 രാജ്യങ്ങളിൽ നിന്നുള്ള അഭ്യർഥനയും നയതന്ത്ര ബന്ധവും കണക്കിലെടുത്താണ് തീരുമാനം. ഇന്ത്യൻ അരിയെ ഏറ്റവും കൂടുതൽ ആശ്രയിക്കുന്ന രാജ്യങ്ങളിൽ ഒന്നാണ് സിംഗപ്പൂർ. സിംഗപ്പൂരിന്റെ ഭക്ഷ്യസുരക്ഷ കണക്കിലെടുത്താണ് ഇന്ത്യയുടെ തീരുമാനമെന്ന് വിദേശകാര്യമന്ത്രാലയ വക്താവ് അരിന്ദം ബാഗ്ചി പറഞ്ഞു.

2022ൽ സിംഗപ്പൂർ ഇറക്കുമതി ചെയ്ത 40% അരിയും ഇന്ത്യയിൽ നിന്നായിരുന്നു.ചൈനയും സിംഗപ്പൂരും തമ്മിൽ വളർന്നു വരുന്ന ബന്ധത്തെ നേരിടാൻ കൂടിയാണ് നീക്കമെന്നും വിലയിരുത്തലുണ്ട്. 2020ൽ സിംഗപ്പൂർ ഏറ്റവുമധികം അരി ഇറക്കുമതി ചെയ്ത രാജ്യങ്ങളിൽ നാലാമതാണ് ചൈന

## മിൽമയ്ക്ക് റെക്കോർഡോണം

തിരുവനന്തപുരം: ഓണക്കാലത്ത് പാൽ, പാൽ ഉൽപന്നങ്ങൾ എന്നിവയുടെ വിൽപനയിൽ റെക്കോർഡുമായി മിൽമ. വെള്ളി മുതൽ ഉത്രാടം വരെയുള്ള 4 ദിവസങ്ങളിൽ 1,00,56,889 ലീറ്റർ പാലാണ് മിൽമ വഴി വിറ്റത്. മുൻ വർഷത്തെ അപേക്ഷിച്ച് 6.5% കൂടുതലാണ് ഇത്തവണത്തെ വിൽപ്പനയെന്ന് മിൽമ ചെയർമാൻ കെ.എസ്.മണി പറഞ്ഞു. കഴിഞ്ഞ കൊല്ലം 94,56,621 ലക്ഷം ലീറ്റർ പാലാണ് ഇക്കാലയളവിൽ വിൽപന നടത്തിയത്. ഓണാവധിക്ക് മുൻപുള്ള അവസാന പ്രവൃത്തി ദിവസമായിരുന്ന വെള്ളിയാഴ്ചയാണ് ഏറ്റവും അധികം വർധന പാൽ വിൽപന നടന്നത് 18,59,232 ലക്ഷം ലീറ്റർ. കഴിഞ്ഞ വർഷം ഇത് 16,44,407 ലക്ഷം ലീറ്ററായിരുന്നു.

ഓഫിസുകൾ, വിദ്യാലയങ്ങൾ എന്നിവിടങ്ങളിലെ ഓണാഘോഷമാണ് ഈ വളർച്ച കൈവരിക്കാൻ മിൽമയെ സഹായിച്ചതെന്നും ചെയർമാൻ അറിയിച്ചു. പാൽ ഉൽപന്നങ്ങളുടെ വിൽപനയിലും റെക്കോർഡാണ്. തൈരി!ന്റെ വിൽപന 16% വിൽപന കൂടി. ഇത്തവണ 4 ദിവസത്തിനിടെ 12,99,215 ലക്ഷം കിലോഗ്രാം തൈരാണ് വിറ്റത്. കഴിഞ്ഞ വർഷം ഇത് 11,25,437 ലക്ഷം കിലോഗ്രാമായിരുന്നു.

മിൽമയുടെ മൂന്നു യൂണിയനുകളിലുമായി ആകെ 743 ടൺ നെയ്യും വിറ്റു. ഉത്രാടദിനത്തിൽ മിൽമ തിരുവനന്തപുരം മേഖലാ യൂണിയനും വിൽപനയിൽ റെക്കോർഡിട്ടു.

## സംസ്ഥാനത്തിന് സ്വർണത്തിൽ നിന്ന് 560 കോടി നികുതി

**തിരുവനന്തപുരം:** സ്വർണ വിൽപനയിലൂടെ മാത്രം വർഷം സംസ്ഥാന സർക്കാരിനു ലഭിക്കുന്നത് 560 കോടി രൂപയുടെ നികുതി. സ്വർണത്തിന്റെ വില വർധിക്കുന്നതു കാരണം ഓരോ വർഷവും നികുതി വരുമാനവും കൂടുകയാണ്. മന്ത്രി കെ.എൻ ബാലഗോപാൽ കഴിഞ്ഞ ദിവസം നിയമസഭയിൽ സമർപ്പിച്ച മറുപടിയിലാണ് ഈ കണക്ക്. 2017,18ൽ 307 കോടിയായിരുന്ന സ്വർണ നികുതി വരുമാനം 2018,19ൽ 426 കോടിയായും 2019, 20ൽ 435 കോടിയായും വർധിച്ചു. 2020,21ൽ 486 കോടിയായി. 2021,22ലാണ് 560 കോടിയിലെത്തിയത്. 3 ശതമാനമാണ് സ്വർണത്തിനു ചുമത്തിയിട്ടുള്ള ജിഎസ്ടി. ഇതിന്റെ പകുതിയാണ് സംസ്ഥാനത്തിനു ലഭിക്കുക. ബാക്കി കേന്ദ്ര സർക്കാരിനുള്ളതാണ്.



# ഗ്രീൻസ്റ്റോം ഫോട്ടോഗ്രഫി ഫെസ്റ്റിവലുമായി കൈകോർത്ത് യുണൈറ്റഡ് നേഷൻസ് ജി20 ഗ്ലോബൽ ലാൻഡ് ഇനീഷ്യേറ്റീവ്

**ബോൺ/കൊച്ചി:** കൊച്ചി ആസ്ഥാനമായ ഗ്രീൻസ്റ്റോം ഫൗണ്ടേഷൻ നടത്തി വരുന്ന ആഗോള ഫോട്ടോഗ്രാഫി മത്സരമായഗ്രീൻസ്റ്റോം ഫോട്ടോഗ്രഫി ഫെസ്റ്റിവലിന്റെ 15ാമത് പതിപ്പിനായി ജർമനിയിലെ ബോൺ ആസ്ഥാനമായ യുണൈറ്റഡ് നേഷൻസ് കൺവെൻഷൻ റ്റു കോമ്പാറ്റ് ഡെസെർട്ടിഫിക്കേഷന്റെ ഭാഗമായ ജി20 ഗ്ലോബൽ ലാൻഡ് ഇനീഷ്യേറ്റീവ് കോഓർഡിനേഷൻ ഓഫീസും ഗ്രീൻസ്റ്റോം ഫൗണ്ടേഷനും ധാരണാപത്രത്തിൽ ഒപ്പുവെച്ചു.മരുഭൂമിയായിത്തീർന്ന ഭൂഭാഗങ്ങളെ തിരിച്ചു പിടിക്കുന്നതിനുള്ള ജി20 ഗ്ലോബൽ ലാൻഡ് ഇനീഷ്യേറ്റീവിന്റെ ബോധവൽക്കരണ പ്രവർത്തനങ്ങളുടെ ഭാഗമായാണ് യുഎൻസിസിഡി ഇപ്പോൾ ഈ ആഗോള ഫോട്ടോഗ്രാഫി ഫെസ്റ്റിവലിന്റെ ഭാഗമാകുന്നതെന്ന് ഗ്രീൻസ്റ്റോം ഫൗണ്ടേഷൻ മാനേജിംഗ് ട്രസ്റ്റി ദിലീപ് നാരായണൻ പറഞ്ഞു.നിശബ്ദദൃശ്യങ്ങളിലൂടെ അതിശക്തമായി കഥകൾ പറഞ്ഞ് പരിസ്ഥിതി സംരക്ഷണത്തിനായി വലിയ പ്രചോദനം സൃഷ്ടിക്കുന്നതിൽ ലോകമെമ്പാടും നിന്നുള്ള ഫോട്ടോഗ്രാഫർമാരുടെ ചാതുര്യവും കലാവൈഭവവും ഉപയോഗപ്പെടുത്തിക്കൊണ്ട് കഴിഞ്ഞ 15 വർഷത്തിനിടെ വളർന്നു വന്ന ആഗോള പ്ലാറ്റ്ഫോമാണ് ഗ്രീൻസ്റ്റോം ഫോട്ടോഗ്രാഫി ഫെസ്റ്റിവൽ.ഇത്തവണത്തെ ഗ്രീൻസ്റ്റോം ഫോട്ടോഗ്രഫി ഫെസ്റ്റിവൽ 2023 സെപ്തംബർ 1 മുതൽ 2024 ഏപ്രിൽ 22 വരെയാണ് നടക്കുക. നേച്ചർ ഫോട്ടോഗ്രാഫി രംഗത്തെ ലോകത്തിലെതന്നെ ഏറ്റവും ഉയർന്ന സമ്മാനത്തുകയായ 30000 യുഎസ് ഡോളർ (25 ലക്ഷം രൂപ) ആണ് ഇത്തവണത്തെ മത്സരത്തിന്റെ സവിശേഷത. നമുക്കു ചുറ്റുമുള്ള ഭൂഭാഗങ്ങളുടെ സൗന്ദര്യത്തിന്റെ ആഘോഷവും പരിസ്ഥിതി പുനസ്ഥാപനവുമാണ് ഇതിലൂടെ ലക്ഷ്യമിടുന്നത്. മത്സരത്തിന്റെ പോർട്ടലായ ०००.ഴൃലലിിേീൃാ.ഴൃലലി സൈറ്റിലൂടെ 2023 സെപ്തംബർ 1 മുതൽ 30 വരെ എൻട്രികൾ സമർപ്പിക്കാം.ഗ്രീൻസ്റ്റോം ഫൗണ്ടേഷൻ നടത്തി വരുന്ന ആഗോള ഫോട്ടോഗ്രാഫി ഫെസ്റ്റിവലിന്റെ ഈ പതിപ്പിൽ ജി20 ഗ്ലോബൽ ലാൻഡ് ഇനീഷ്യേറ്റീവുമായി സഹകരിക്കാൻ കഴിയുന്നതിൽ ഏറെ ആഹ്ലാദമുണ്ടെന്നും ദിലീപ് നാരായണൻ പറഞ്ഞു.ഈ പങ്കാളിത്തം ഭൂമിയുടേയും പ്രകൃതിയുടേയും സംരക്ഷണത്തിലുള്ള ഞങ്ങളുടെ പ്രവർത്തനങ്ങൾക്കുള്ള അംഗീകാരമായി കരുതുന്നു; വിവിധ പ്രായക്കാർ, പ്രൊഫഷനലുകൾ, അമേചർ ഫോട്ടോഗ്രാഫർമാർ, വിദ്യാർത്ഥികൾ എന്നിവരെ ഉൾക്കൊളളിക്കുന്നതിനായി ഈ വർഷം ഫെസ്റ്റിവലിൽ രണ്ട് വിഭാഗങ്ങളുണ്ടാകും.ഡിഎസ്ആൽആർ/മിററർലെസ് ക്യാമറകളിലെടുത്ത ഫോട്ടോകൾ സമർപ്പിക്കാവുന്ന പ്രൊഫഷനൽ, അമേചർ ഫോട്ടോഗ്രാഫർമാരുടെ വിഭാഗമാണ് ഒന്നാമത്തേത്. രണ്ടാം വിഭാഗത്തിൽ മൊബൈൽ ഫോണുകളിലെടുത്ത ഫോട്ടോഗ്രാഫുകൾ സമർപ്പിക്കാം.ലോകത്തിന്റെ വിവിധ ഭാഗങ്ങളിലുള്ള ആർക്കും സൗജന്യമായി മത്സരത്തിൽ പങ്കെടുക്കാം. നമുക്കു ചുറ്റുമുള്ള ഭൂഭാഗങ്ങളുടെ മനോഹാരിതയിൽ ഊന്നുമ്പോൾ പ്രകൃതിയും മനുഷ്യരും എങ്ങനെ ബന്ധപ്പെട്ടു കിടക്കുന്നുവെന്നും പ്രകൃതി സംരക്ഷണത്തിനും പുനസ്ഥാപനത്തിനും നമ്മൾ എങ്ങനെ ഉത്തരവാദികളായിരിക്കുന്നുവെന്നും ബോധ്യമാകുമെന്നതാണ് ഈ ഇതിവൃത്തത്തിന്റെ പ്രസക്തിയെന്ന് ഗ്ലോബൽ ലാൻഡ് ഇനീഷ്യേറ്റീവ് കോഓർഡിനേഷൻ ഓഫീസ് ഡയറക്ടർ ഡോ. മുരളി തുമ്മാരുകുടി പറഞ്ഞു.2040ഓടെ ഭൂനശീകരണം 50% കണ്ട് കുറയ്ക്കാനാണ് ജി20 ഗ്ലോബൽ ലാൻഡ് ഇനീഷ്യേറ്റീവ് ലക്ഷ്യമിടുന്നത്.

# ഇന്ത്യയിലെ ആദ്യത്തെ മൾട്ടി സർക്യൂട്ട് 220 കെവി സബ് സ്റ്റേഷൻ: ലൈനിന്റെ പണികൾ പുരോഗതിയിൽ

**പത്തനംതിട്ട:** ഇന്ത്യയിലെ ആദ്യത്തെ മൾട്ടി സർക്യൂട്ട് / വോൾട്ടേജ് ലൈൻ 220 കെവി സബ് സ്റ്റേഷനിലേക്കുള്ള പത്തനംതിട്ടകൂടൽ, കൂടൽഅടൂർ ടവർ ലൈനുകളുടെ നിർമാണം അവസാന ഘട്ടത്തിലേക്ക്. ഒരു ടവറിൽ ഒരേസമയം 220 കെവി, 110 കെവി ഹൈടെൻഷൻ ലൈനുകൾ വലിക്കുന്ന പണികളാണ് പുരോഗമിക്കുന്നത്. ട്രാൻസ് ഗ്രിഡ് 244 കോടി രൂപ ചെലവിലാണ് പത്തനംതിട്ട, സീതത്തോട് എന്നിവിടങ്ങളിലാണു പുതിയ സബ് സ്റ്റേഷനുകൾ നിർമിക്കുന്നത്. കൊല്ലം ജില്ലയുടെ അതിർത്തിയായ പാടത്തു നിന്നാണ് 220 കെവി ലൈൻ വലിക്കുന്നത്. കൂടൽ, കോന്നി, പത്തനംതിട്ട, അടൂർ, ഇടപ്പോൺ എന്നീ സബ് സ്റ്റേഷനുകളെ ബന്ധിപ്പിച്ചാണ് ടവർ ലൈൻ കടന്നുപോകുന്നത്. മൊത്തം 198 ടവർ ഉണ്ട്. 45 മുതൽ 55 മീറ്റർ വരെ ഉയരമുള്ള ടവറുകളാണ് സ്ഥാപിച്ചത്. പാടത്തു നിന്നു കൂടൽ, കോന്നി സബ് സ്റ്റേഷനുകളെ ബന്ധിപ്പിച്ചാണ് ടവർ ലൈൻ പത്തനംതിട്ട എത്തുന്നത്. ഇവിടെ നിന്ന് അടൂർ സബ് സ്റ്റേഷൻ വഴിയാണ് ഇടപ്പോണിൽ എത്തുന്നത്. നിലവിലുള്ള 110 കെവി ടവർ ലൈൻ കടന്നുപോകുന്ന അതേ റൂട്ടിലൂടെയാണു പുതിയ 220 കെവിയും വലിക്കുന്നത്. ഇതിനായി നിലവിലുള്ള ടവർ മാറ്റി ഉയരം കൂടിയ പുതിയ ടവർ സ്ഥാപിച്ചു.



ആകെ 57 കിലോമീറ്റർ ദൂരത്തിലാണു പുതിയ 220 കെവി, 110 കെവി ലൈൻ വലിക്കുന്നത്. അതിൽ പത്തനംതിട്ടകൂടൽ 14.5 കിലോമീറ്റർ, കൂടൽ അടൂർ 12.7 കിലോമീറ്റർ ടവർ ലൈനുകളാണു പൂർത്തിയാകുന്നത്. പത്തനംതിട്ടയിലെ പുതിയ സബ് സ്റ്റേഷൻ പരിസരത്തെ ടവറിലേക്കു ലൈൻ വലിക്കുന്ന ജോലിയാണ് ഇന്നലെ നടന്നത്. ഇതിൽ പത്തനംതിട്ട സബ് സ്റ്റേഷനിൽ ഒഴികെ മറ്റു സ്ഥലങ്ങളിലെ പണി തീർന്നു. ഒരു ടവറിൽ ഒരേ സമയം 220 കെവി, 110 കെവി ഹൈടെൻഷൻ ലൈനുകൾ ഉണ്ടെങ്കിലും അതിൽ 110 കെവി ലൈൻ ഈമാസം കമ്മിഷൻ ചെയ്യാൻ ഉദ്ദേശിക്കുന്നത്.

പുതിയ സബ് സ്റ്റേഷന്റെ പണി പൂർത്തിയായ ശേഷമേ 220 കെവി ലൈൻ കമ്മിഷൻ ചെയ്യൂ. പാടത്തുനിന്നു കൂടൽ സബ് സ്റ്റേഷനിലേക്കു ലൈൻ വലിക്കുന്ന പണികൾ നടക്കുന്നു. അതേ പോലെ അടൂർ സബ് സ്റ്റേഷനിൽ!നിന്ന് ഇടപ്പോണിലേക്കുള്ള ലൈനിന്റെ പണികളും പുരോഗമിക്കുന്നു. ഡിസംബറിൽ പൂർത്തിയാക്കാനാണ് ഉദ്ദേശിക്കുന്നത്. സബ് സ്റ്റേഷൻ കെട്ടിടത്തിന്റെ പണി ഒന്നുമായിട്ടില്ലെങ്കിലും അവിടെ സ്ഥാപിക്കാനുള്ള ഉപകരണങ്ങൾ എത്തിത്തുടങ്ങി.

ഒരു ട്രാൻസ്ഫോമർ മാത്രമേ പുറത്തു കാണൂ. ബാക്കി എല്ലാ ഉപകരണങ്ങളും കെട്ടിടത്തിനുള്ളിൽ ആയിരിക്കും. ക്രെയിൻ ഉൾപ്പെടെ കെട്ടിടത്തിനുള്ളിൽ ഉണ്ട്. അതിനാൽ 17 മീറ്റർ ഉയരമുള്ള ഇരുനില കെട്ടിടമാണ് പണിയുന്നത്. ഇതിന്റെ രണ്ടാമത്തെ നിലയുടെ പണിയാണ് ഇപ്പോൾ നടക്കുന്നത്. ജീവനക്കാർ ഇല്ലാതെ പൂർണമായും ഓട്ടമാറ്റിക്കായി പ്രവർത്തിക്കുന്ന സബ് സ്റ്റേഷനാണിത്.

## ഉപതെരെഞ്ഞെടുപ്പ് പ്രചാരണ ചെലവ്; രണ്ടാംഘട്ട പരിശോധന പൂർത്തിയായി

**കോട്ടയം:** പുതുപ്പള്ളി നിയോജകമണ്ഡലം ഉപതെരഞ്ഞെടുപ്പുമായി ബന്ധപ്പെട്ട് സ്ഥാനാർത്ഥികളുടെ തെരഞ്ഞെടുപ്പ് പ്രചാരണ ചെലവുകളുടെ രണ്ടാംഘട്ട പരിശോധന കളക്റേറ്റ് വിപഞ്ചിക ഹാളിൽ പൂർത്തിയായി. ഓഗസ്റ്റ് 25 വരെയുള്ള കണക്കുകളാണ് പരിശോധിച്ചത്.

തെരഞ്ഞെടുപ്പ് ചെലവ് നിരീക്ഷകൻ ഡി. ലക്ഷ്മികാന്ത, ഫിനാൻസ് നോഡൽ ഓഫീസർ എസ്. ആർ അനിൽകുമാർ, അസിസ്റ്റന്റ് എക്സ്പൻഡിച്ചർ ഓഫീസർ പി.ശ്രീജിത്ത് എന്നിവരുടെ നേതൃത്വത്തിലാണ് വരവു ചെലവു കണക്കുകളുടെ പരിശോധന നടത്തിയത്. എല്ലാ സ്ഥാനാർത്ഥികളുടെയും പ്രതിനിധികൾ പങ്കെടുത്തു. സെപ്റ്റംബർ രണ്ടിന് മൂന്നാം ഘട്ട പരിശോധനകൾ നടക്കും. രാവിലെ 10 മുതൽ വൈകിട്ട് അഞ്ച് വരെയാണ് പരിശോധന നടക്കുക.

## മൂവാറ്റുപുഴ നഗരത്തിലെ ജലവിതരണം പൂർണതോതിൽ പുനരാരംഭിച്ചില്ല

**മൂവാറ്റുപുഴ:** പൊട്ടിയ പൈപ്പ് ആഴ്ചകൾ പിന്നിട്ടിട്ടും നന്നാക്കാൻ കഴിയാത്തതിനെ തുടർന്നു നഗരത്തിലെ വിവിധ പ്രദേശങ്ങളിലേക്കുള്ള ജലവിതരണം പൂർണതോതിൽ പുനരാരംഭിക്കാൻ കഴിഞ്ഞില്ല. നഗരത്തിലെ ഇഇസി മാർക്കറ്റ് റോഡിൽ ഇലാഹിയ ജംക്ഷനിൽ കഴിഞ്ഞ എട്ടിനാണു വൈകിട്ടു 4 മണിയോടെ ശുദ്ധജല വിതരണ പൈപ്പ് പൊട്ടിയത്. വൻ ശബ്ദത്തോടെ പൈപ്പ് പൊട്ടിയതിനെ തുടർന്നു റോഡ് തകർന്നു ഗർത്തം രൂപപ്പെട്ടു. ഇതോടെ നൂറുകണക്കിനു കുടുംബങ്ങൾ താമസിക്കുന്ന തർബിയത്ത് നഗർ, ആസാദ് റോഡ് , കീച്ചേരി പടി , വാലടിത്തണ്ട് , പെരുമറ്റം, കക്കടാശേരി തുടങ്ങിയ സ്ഥലങ്ങളിലേക്കുള്ള ജലവിതരണം മുടങ്ങി.

പ്രതിഷേധത്തെ തുടർന്ന് ഇവിടെ പൈപ്പ് മാറ്റി ശുദ്ധജല വിതരണം പുനരാരംഭിച്ചെങ്കിലും താമസിയാതെ വീണ്ടും പൈപ്പ് പൊട്ടി. ഇതിനു ശേഷം പലവട്ടം അറ്റകുറ്റപ്പണികൾ നടന്നെങ്കിലും പൂർത്തിയാക്കാൻ കഴിഞ്ഞിട്ടില്ല. അനുയോജ്യമായ പൈപ്പും അനുബന്ധ ഉപകരണങ്ങളും ലഭിക്കുന്നില്ലെന്നാണു വിശദീകരണം. ഇവിടെ റോഡും തകർന്നു കിടക്കുകയാണ്. പൈപ്പ് പൊട്ടി രൂപപ്പെട്ടിരിക്കുന്ന കുഴി അപകടങ്ങൾക്കു കാരണമാകുമോ എന്ന ആശങ്കയും ഉയർന്നിട്ടുണ്ട്.

## മംഗലംഡാം ഇടതു കനാൽ: ഇനി വെള്ളം അറ്റകുറ്റപ്പണിക്കു ശേഷം

**വടക്കഞ്ചേരി:** ഒന്നാംവിള കൃഷിക്കായി മംഗലംഡാമിൽ നിന്ന് ഇടതു കനാലിലേക്കു തുറന്നുവിട്ട വെള്ളം അടച്ചു. കനാൽ അറ്റകുറ്റപ്പണികൾ പൂർത്തിയാക്കിയ ശേഷം തുറക്കും. വലതു കനാലിലൂടെ വെള്ളം വിടുന്നുണ്ട്. കനാലിൽ അടിഞ്ഞ ചെളിയും മണ്ണും കാടുമൂടിക്കിടക്കുന്നതും നീക്കം ചെയ്യുന്ന ജോലികളാണിപ്പോൾ നടക്കുന്നത്. പാടശേഖര സമിതികൾ കർഷകരുടെ കയ്യിൽ നിന്നു പിരിവിട്ടാണു പണികൾ നടത്തുന്നത്. വലതു കര കനാൽ വണ്ടാഴി, മുടപ്പല്ലൂർ അണക്കപ്പാറ, തെന്നിലാപുരം, കഴനി, ചുങ്കം, പാടൂർ വഴി 24 കിലോമീറ്റർ പിന്നിട്ട് തോണിക്കടവിലാണ് അവസാനിക്കുന്നത്. ഇതു വൃത്തിയാക്കാനായി മാത്രം രണ്ടര ലക്ഷത്തോളം രൂപ കർഷകർ ചെലവാക്കിക്കഴിഞ്ഞു.

സബ് കനാലുകളുടെയും കാഡ കനാലുകളുടെയും തകർന്ന ഭാഗങ്ങളും പൊട്ടിക്കിടക്കുന്ന ബണ്ടുകളും നന്നാക്കാത്തതിനാൽ വാലറ്റ പ്രദേശങ്ങളിൽ വെള്ളമെത്താൻ സമയമെടുക്കും. കനാലുകളുടെ സ്ലൂയിസുകളിലെ ഷട്ടറില്ലാത്ത ഭാഗങ്ങൾ ജലസേചനവകുപ്പ് നന്നാക്കിയില്ലെന്നു കർഷകർ പറഞ്ഞു. 77.88 മീറ്റർ ജലസംഭരണ ശേഷിയുള്ള ഡാമിൽ ഇക്കുറി വെള്ളം കുറവാണ്. ജൂലൈ മാസത്തിൽ ഷട്ടറുകൾ തുറക്കാറുള്ളതാണ്. ഇക്കുറി മഴയില്ലാത്തതിനാൽ തുറന്നില്ല.

ഇടതുകര കനാലിലൂടെ പറശ്ശേരിയിൽ നിന്നു തുടങ്ങി കിഴക്കഞ്ചേരി വരെ വെള്ളം എത്തി. എന്നാൽ കരുമനശേരി, ചീരക്കുഴി ഭാഗങ്ങൾ നന്നാക്കിയിട്ടില്ല. വടക്കഞ്ചേരി, കണ്ണമ്പ്ര, പുതുക്കോട് ഭാഗങ്ങളിൽ കനാൽ വൃത്തിയാക്കൽ നടക്കുന്നുണ്ട്. വെള്ളം വാലറ്റപ്രദേശങ്ങളിൽ എത്തണമെങ്കിൽ ഒരാഴ്ചയെങ്കിലും എടുക്കും. മംഗലംഡാം കനാലിന്റെ തെക്കേത്തറ, ചെന്നയ്ക്കപ്പാടം, വടക്കേപ്പാടം, അഞ്ചുമൂർത്തി, കണ്ണമ്പ്ര, പുതുക്കോട്, കീഴ, മണപ്പാടം, പാട്ടോല, തെന്നിലാപുരം, കഴനി, ചുങ്കം, കല്ലേപ്പുള്ളി, പാടൂർ, തോണിക്കടവ് ഭാഗങ്ങൾ ഉണക്കുഭീഷണിയിലാണ്.

# റംബുട്ടാൻ മികച്ച രീതിയിൽ കായിടാൻ വേണം ശാസ്ത്രീയ വളപ്രയോഗം

ശരിയായ വളർച്ചയും ഉൽപാദനവും ഉറപ്പാക്കുന്നതിന് മണ്ണുപരിശോധനയുടെ അടിസ്ഥാനത്തിലുള്ള കൃത്യമായ വളപ്രയോഗം ആവശ്യമുണ്ട്. ഐസിഎആർ ഐഐഎച്ച്ആർ ശുപാർശ പ്രകാരം മരത്തിന്റെ പ്രായം അനുസരിച്ച് ഒരു വർഷം പ്രായമായ ചെടിക്ക് 5 കിലോയും 12 വർഷവും അതിൽ കൂടുതലും പ്രായമുള്ള മരങ്ങൾക്ക് പരമാവധി 25 കിലോയും ജൈവവളങ്ങൾ ഒരു വർഷം നൽകണം. കൂടാതെ 400 ഗ്രാം ഡോളമൈറ്റ്, 435 ഗ്രാം യൂറിയ, 147 ഗ്രാം റോക്ക് ഫോസ്ഫേറ്റ്, 217 ഗ്രാം പൊട്ടാഷ് എന്നിവയും മരത്തിന്റെ പ്രായത്തിന്റെ ഗുണിതങ്ങളായി നൽകണം. ഇപ്രകാരം നൽകുമ്പോൾ 12 വർഷവും അതിനു മുകളിലും പ്രായമായവയ്ക്ക് പരമാവധി 4 കിലോ ഡോളമൈറ്റ് , 5.2 കിലോ യൂറിയ,1.7 കിലോ റോക്ക് ഫോസ്ഫേറ്റ് 2.6 കിലോ പൊട്ടാഷ് എന്നിവ ഒരു വർഷം ആവശ്യമുണ്ട്. 4 വർഷം പ്രായമുള്ള മരങ്ങൾക്ക് 3 മാസം ഇടവേളയിൽ ആവശ്യമുള്ള അളവിന്റെ നാലിലൊന്ന് നൽകണം. അഞ്ചാം വർഷം മുതൽ ആ



വശ്യമുള്ള അളവിന്റെ 50% ശതമാനം വിളവെടുപ്പ് കഴിഞ്ഞാൽ ഉടനെയും 25% വിളവെടുപ്പിന് 9 ആഴ്ചകൾക്കു ശേഷവും ബാക്കി 25% കായ് പിടിച്ച് 4 ആഴ്ചകൾക്കു ശേഷവും നൽകാം. മരങ്ങൾ തളിർത്തുനിൽക്കുമ്പോൾ വളപ്രയോഗം ഒഴിവാക്കേണ്ടതാണ്.


എൻപികെയ്ക്കൊപ്പം എല്ലാ ദ്വിതീയ മൂലകങ്ങളും സൂക്ഷ്മ പോഷകങ്ങളും നൽകാം. അവ നൽകുന്ന കാലം ഏറെ ശ്രദ്ധിക്കേണ്ടതുണ്ട്. പൂവിടുന്ന സമയത്തും കായ്കളുണ്ടാവുമ്പോഴും പത്രപോഷണത്തിലൂടെ സൂക്ഷ്മമൂലകങ്ങൾ നൽകാം. ബോറോൺ അപര്യാപ്തതയുള്ളയിടങ്ങളിൽ ചെടി പൂവിടുന്നതിന് മുൻപ് 2 ഗ്രാം സോലുബോർ ഒരു ലീറ്റർ വെള്ളത്തിൽ ലയിപ്പിച്ച് തളിച്ചു കൊടുക്കുന്നതു കൊള്ളാം.

വേനൽക്കാലത്ത് എംഒപി നൽകിയാൽ ദോഷമായേക്കാം. എന്നാൽ മഴക്കാലത്ത് എംഒപി നൽകുന്നതു കൊണ്ടു കുഴപ്പമില്ല. കായ്പിടിത്തം കുറയുന്നതിനു പല കാരണങ്ങളുണ്ട്. പ്രധാന കാരണം പൂവിടുന്ന കാലത്തെ കൂടിയ താപനിലയാണ്. ഉയർന്ന പ്രദേശങ്ങളിൽ മഞ്ഞുള്ളപ്പോഴും പൂവ് കൊഴിയാറുണ്ട്. വേണ്ടത്ര പരാഗകാരികളില്ലാത്തതും ചില സൂക്ഷ്മ മൂലകങ്ങളുടെ അപര്യാപ്തതയും കായ്പിടിത്തത്തെ ബാധിക്കാം. ശാസ്ത്രീയ പോഷണത്തിലൂടെ പ്രശ്നം പരിഹരിക്കാം.

# ഇറച്ചിക്കും മുട്ടയ്ക്കും ഉത്തമം വിഗോവ താറാവുകൾ

ഇറച്ചിക്കായി വളർത്താൻ യോജിച്ച താറാവിനങ്ങളിൽ പ്രധാനപ്പെട്ടതാണ് വിഗോവ. മുട്ടയ്ക്കു വേണ്ടിയും ഇവയെ വളർത്താം. വെള്ള നിറവും പെട്ടെന്നുള്ള വളർച്ചയും ഇവയുടെ പ്രത്യേകതകളാണ്. മികച്ച തീറ്റപരിവർത്തന ശേഷിയുമുണ്ട്. സാധാരണ താറാവുകളേക്കാൾ രോഗപ്രതിരോധ ശേഷി കൂടുതലായിരിക്കും. രണ്ടു മാസം കൊണ്ട് പൂവൻ 2.85 കിലോഗ്രാമും പിട 2.5 കിലോഗ്രാം ഭാരവും വയ്ക്കും. ഇവയെ അലങ്കാരപക്ഷിയായും ഉപയോഗിക്കാം. മനുഷ്യനുമായി പെട്ടെന്ന് ഇണങ്ങുന്നവയാണ് വിഗോവ താറാവുകൾ. മറ്റു താറാവുകളെ പോലെ നീന്തിത്തുടിക്കാൻ വലിയ തടാകങ്ങളോ ജലാശയങ്ങളോ ആവശ്യമില്ല. പകരം കണ്ണ് നനയ്ക്കാൻ വേണ്ട സൗകര്യം നൽകിയാൽ മതി. അല്ലെങ്കിൽ കണ്ണിന് രോഗം പിടിപെടാൻ സാധ്യത കൂടുതലാണ്. കേരളത്തിലെ കാലാവസ്ഥയ്ക്ക് വളരെ ഇണങ്ങുന്നവയാണ് ഇവ.

പരമാവധി 60 ദിവസത്തെ പരിപാലന മാണ് ഇറച്ചിത്താറാവുകളെ വളർത്താൻ വേണ്ടുന്ന കാലഘട്ടം. ഷെഡിന്റെ തറയിൽ അറക്കപ്പൊടിയോ ചിന്തേരോ വിരിച്ച് കോഴികളെ വളർത്തുന്ന ഡീപ് ലിറ്റർ രീതിയിൽ ഇവയെ വളർത്താം. തറ കോൺക്രീറ്റ് ചെയ്ത് വശങ്ങളിൽ കമ്പിവലകളിട്ട് മേൽക്കൂരയായി ഓലയോ ഓടൊ ഷീറ്റോ ഉപയോഗിച്ച് പാർപ്പിടം ഒരുക്കാം. കുഞ്ഞുങ്ങൾക്ക് ആദ്യത്തെ 23 ആഴ്ചക്കാലം ചൂട് നൽകണം. അറക്കപ്പൊടി തിന്നുന്നത് ഒഴിവാക്കാൻ ആദ്യത്തെ രണ്ട് മൂന്ന് ദിവസം പത്രക്കടലാസ് വിരിക്കാം. ഒരു കുഞ്ഞിന് രണ്ടു വാട്ട് എന്ന വിധത്തിൽ ഇലക്ട്രിക് ബൾബുകളോ ഇൻഫ്രാറെഡ് ബൾബുകളോ ഉപയോഗിച്ച ചൂട് നൽകാം. അന്തരീക്ഷ ഊഷ്മാവും താറാവിൻ കുഞ്ഞുങ്ങളുടെ അവസ്ഥയും നിരീക്ഷിച്ച് ചൂട് ക്രമീകരിക്കണം. ആദ്യ ആഴ്ച ചൂട് 2932 ഡിഗ്രി എന്ന വിധത്തിലായിരിക്കണം. പിന്നീട് ആഴ്ചയിൽ 3 ഡിഗ്രി വീതം കുറച്ചു കൊണ്ടുവരാം. മൂന്നാഴ്ച പ്രായം വരെ താറാവൊന്നിന് അര ചതുരശ്രയടി സ്ഥലം വേണം. ഇറച്ചിക്കോഴി വളർത്തലിൽ നിന്നും വ്യത്യാസമായി വെള്ളപ്പാത്രങ്ങൾ ഒരു വശ



ത്ത് മാത്രം വയ്ക്കുക. വെള്ളം തെറുപ്പിച്ച് ലിറ്റർ അമിതമായി നനയാതിരിക്കാനാണിത്. ഇതിനായി ഷെഡിന്റെ വശങ്ങളിലായി അറക്കപ്പൊടി വിതറണം. അറക്കപ്പൊടി വിതറാത്ത ഭാഗത്ത് വെള്ളം പുറത്തേക്ക് ഒഴുക്കി കളയാവുന്നവിധത്തിൽ വെള്ളപ്പാത്രങ്ങൾ വെയ്ക്കണം. ഈ കാലയളവിൽ വെള്ളപ്പാത്രത്തിന് കേവലം 5 7.5 സെന്റി മീറ്റർ ആഴമേ പാടുള്ളു. അതായത് ശരീരം നനയാതെ കേവലം വെള്ളം കുടിക്കാൻ മാത്രമുള്ള സൗകര്യം. തല മുക്കാൻ ഈ പ്രായത്തിൽ അനുവദിക്കരുത്. ചൂട് നൽകി വളർത്തുന്ന സമയം (ബ്രൂഡിങ്ങ് സമയം) കഴിഞ്ഞാൽ കുഞ്ഞുങ്ങളെ ഗ്രോവർ ഷെഡിലേക്ക് മാറ്റുകയോ അല്ലെങ്കിൽ അതേ ഷെഡിൽ കൂടുതൽ സ്ഥല സൗകര്യം നൽകി വളർത്തുകയോ ചെയ്യാവുന്നതാണ്. ബ്രൂഡിങ്ങ് സമയത്താണ് അതിതീവ്ര പരിചരണം ആവശ്യമുള്ളത്. ലിറ്റർ നനവില്ലാതെ സൂക്ഷിക്കണം. നനവുള്ള ഭാഗത്ത് അറക്കപ്പൊടിയും, കുമ്മായവും ഇടണം. ലിറ്റർ ഇടയ്ക്കിടെ ഇളക്കിയെടുക്കണം.

മൂന്നാഴ്ച മുതലുള്ള സമയം വളർച്ചയുടെ കാലമാണ്. ഈ സമയത്ത് താറാവൊന്നിന് 3 ചതുരശ്രയടി എന്ന വിധത്തിൽ സ്ഥലം നൽകണം. ഈ സമയത്ത് വെള്ളപ്പാത്രങ്ങൾ അര അടി വരെ ആഴമുള്ളതായിരിക്കണം. താറാവുകൾക്ക് വെള്ളത്തിൽ തല മുക്കാനുള്ള സൗകര്യത്തിനാണിത്. ഷെഡിനു പുറത്തേക്ക് പോകാനുള്ള സൗകര്യം ആവശ്യമെങ്കിൽ നൽകാം. വലിയ താറാവുകൾക്ക് നീന്തിക്കളിക്കാൻ വെള്ളം വേണമെന്ന് നിർബന്ധമില്ല. ഇടയ്ക്കിടെ കൊക്കു വൃത്തിയാക്കാനുള്ള സൗകര്യം ഒരുക്കണം. ജലാശയങ്ങളിൽ കൂടുതൽ സമയം ചിലവഴിച്ചാൽ ഇവയുടെ ഭാരം കുറയാൻ സാധ്യതയുണ്ട്.

ആദ്യത്തെ 14 ദിവസം പ്രീ സ്റ്റാർട്ടറും തുടർന്ന് 28 ദിവസം വരെ സ്റ്റാർട്ടറും അതിനുശേഷം ഫിനിഷർ തീറ്റയുമാണ് നൽകേണ്ടത്. തീറ്റ പല തവണകളായി പേപ്പർ വിരിയിലോ, ഫീഡർ പാത്രത്തിലോ നൽകണം. ഇറച്ചി താറാവുകൾക്ക് പൊടിത്തീറ്റയോ, പെല്ലറ്റ് തീറ്റയോ നൽകാം. നനച്ച പൊടി തീറ്റയാണ് നല്ലത്. നനവില്ലാത്ത പൊടിത്തീറ്റ വിഴുങ്ങാൻ താറാവുകൾക്ക് ബുദ്ധിമുട്ടാണ്. ആവശ്യംപോലെ തീറ്റ നൽകണം. വിപണിയിൽ സുലഭമായി ലഭിക്കുന്ന ഇറച്ചിക്കോഴികളുടെ തീറ്റയാണ് സാധാരണയായി ഉപയോഗിക്കുന്നത്. തീറ്റ വെള്ളത്തിൽ നനച്ചു നൽകുന്നത് ശ്വാസതടസ്സം ഒഴിവാക്കാൻ സഹായിക്കും. മൂന്നാഴ്ചവരെ വെള്ളം ആവശ്യത്തിന് മാത്രം നൽകുക. മൂന്നാമത്തെ ആഴ്ച മുതൽ മുട്ടയ്ക്കുവേണ്ടി വളർത്തുന്ന വിഗോവ കുഞ്ഞുങ്ങളെ അഴിച്ചുവിട്ടു വളർത്താം. ഈ ഘട്ടത്തിൽ ഗ്രോവർതീറ്റ നൽകാം. ചോർച്ചയില്ലാത്തതും നല്ല വായു സഞ്ചാരവുമുള്ള കൂടുകളിൽ ഇവയെ വളർത്താം. വെള്ളംകെട്ടി നിൽക്കാതെ അൽപം ഉയർന്ന സ്ഥലമായിരിക്കണം കൂടിന് തിരഞ്ഞെടുക്കേണ്ടത്.

നാലാഴ്ച മുതൽ ദിവസം രണ്ടുനേരം വീത തീറ്റ കൊടുത്താൽ മതിയാകും. ഗ്രോവർ തീറ്റയുടെ അളവ് കുറയ്ക്കാൻ താറാവുകൾക്ക് കൃത്രിമ തീറ്റ നൽകാതെ അഴിച്ചുവിട്ടു മേയ്ക്കുമ്പോൾ തീറ്റ കുറഞ്ഞ സമയങ്ങളിൽ കൈത്തീറ്റ നൽകാറുണ്ട്. ഗോതമ്പ്, അരി, പതിര്, മണിച്ചോളം, ചെറുമീൻ, അരിത്തവിട് ചോറ്, കപ്പലണ്ടിപ്പിണ്ണാക്ക്, പനച്ചോറ്, ഓമക്കായ, അസോള എന്നിവയാണവ. കൈത്തീറ്റ തിരഞ്ഞെടുക്കുന്നത് അതിന്റെ ലഭ്യതയും വിലയും നോക്കിയാണ്. ഇതിൽ രണ്ടോ മൂന്നോ എണ്ണം മിശ്രിതമാക്കിയും നൽകാറുണ്ട്. അഴിച്ചുവിട്ടു വളർത്തുന്നതിനാൽ തീറ്റയ്ക്കുള്ള മാർഗം അവ തന്നെ കണ്ടുപിടിക്കും. രണ്ടുമാസം കഴിഞ്ഞാൽ ശബ്ദം കൊണ്ട് പൂവനെയും, പിടയെയും തിരിച്ചറിയാൻ സാധിക്കും. പിട എപ്പോഴും കരയുകയും ഘനമുള്ള ശബ്ദം പുറപ്പെടുവിക്കുകയും ചെയ്യുന്നു.

# കൊടുംചൂട്: പാടങ്ങൾ വിണ്ടുകീറി



**പുൽപള്ളി:** ശശിമല പാടത്ത് നെൽക്കൃഷി പൂർത്തിയാകും മുൻപേ പാടങ്ങൾ വിണ്ടുകീറി. മഴമാറി വേനൽ ശക്തമായതോടെ പലർക്കും നടാനാവാത്ത അവസ്ഥയും. 100 ഏക്കർ വരുന്ന പാടത്ത് കഴിഞ്ഞയാഴ്ചയാണ് നടീൽ തുടങ്ങിയത്.കന്നാരംപുഴയിൽ നിന്നു വെള്ളമടിച്ചാണ് പലരും നെല്ല് നട്ടത്. മുദ്ദള്ളിതോട്ടിൽ തടയണ കെട്ടിയിരുന്നു. തോടു വറ്റിയതോടെ ജലസേചനം നിലച്ചു.പാടത്തേക്ക് വെള്ളമെത്തിക്കാൻ നിർമിച്ച പദ്ധതിയുടെ മോട്ടർ തകരാറിലായതോടെ കർഷകർ ചെറിയ മോട്ടറുകളുപയോഗിച്ചാണ് പാടമൊരുക്കിയത്. കത്തുന്ന പകൽചൂടിൽ എത്ര വെള്ളമുണ്ടെങ്കിലും പാടം വരണ്ടുണങ്ങുന്നു.

ഞാറ് പാകമായങ്കിലും ചില കർഷകർക്ക് പാടമൊരുക്കാൻ വെള്ളമില്ല. ആദ്യം പൂട്ടിയിട്ട വയൽ പാറപോലെ ഉറച്ചു. ഇനി നടാൻ കഴിയാത്ത അവസ്ഥയും. കാര്യമായി മഴ ലഭിക്കാത്ത പ്രദേശമാണിത്. മഴയാരംഭത്തിൽ ഉറവയെടുത്ത് പാടം നിറയുന്ന പ്രദേശത്ത് ചാറ്റൽ മഴ ലഭിച്ചിട്ട് ആഴ്ചകളായി. വൈകിയെങ്കിലും നെല്ല് നടണമെന്ന ആഗ്രഹത്തോടെ ഞാറ് പാകുകയും പാടമൊരുക്കുകയും ചെയ്തവർക്ക് വൻതുക നഷ്ടമായി.

കബനിപ്പുഴയിൽ നിന്നു വെള്ളമെത്തിക്കാൻ പദ്ധതി വേണമെന്ന് കർഷകർ ഏറെക്കാലമായി ആവശ്യപ്പെടുന്നു. കൊളവള്ളി ലിഫ്റ്റ് ഇറിഗേഷൻ പദ്ധതിയിൽ നിന്ന് ചാമപ്പാറ, ശശിമല പാടങ്ങളിൽ വെള്ളമെത്തിക്കാനാവും. കന്നാരംപുഴയേയും മുദ്ദള്ളി തോടിനെയും ആശ്രയിച്ച് കൃഷിചെയ്യാനാവാത്ത അവസ്ഥയുണ്ട്. വേനലാരംഭത്തിലെ ഇവ രണ്ടും വറ്റും. കടമാൻതോട് പദ്ധതി പ്രാവർത്തികമായാൽ ഇവിടെ ജലസേചനത്തിന് വെള്ളമെത്തിക്കാനാവുമെന്ന് അധികൃതർ പറയുന്നു. കടമാൻതോട് പദ്ധതി എന്നുണ്ടാവുമെന്നു കണ്ടറിയണം. പദ്ധതിയുടെ സർവേ പൂർത്തിയായെങ്കിലും ഫലം വന്നിട്ടില്ല. പദ്ധതി പ്രദേശത്തെ ജനങ്ങൾ എതിർപ്പുമായി രംഗത്തുമുണ്ട്. വ്യക്തത വരുത്തുന്നില്ലെന്ന പരാതിയുമുണ്ട്.



# കർണാടകയിലെ അണക്കെട്ടുകളിലും വെള്ളമില്ല; കൃഷികൾ കരിഞ്ഞുണങ്ങുന്നു, ജലക്ഷാമം രൂക്ഷം

**പുൽപള്ളി:** രാജ്യത്തെ മുഖ്യ ധാന്യവിള കേന്ദ്രങ്ങളിൽ പിടിമുറുക്കിയ വരൾച്ചയിൽ കൃഷികളെല്ലാം നശിക്കുന്നു. കാലവർഷത്തിൽ ലഭിക്കുന്ന മഴയെ മാത്രം ആശ്രയിച്ചു നടത്തുന്ന ധാന്യ, പച്ചക്കറി കൃഷികളാണ് ഇക്കൊല്ലം കടുത്ത വെല്ലുവിളി നേരിടുന്നത്. ചോളം, വിവിധതരം പയറുകൾ, മുത്താറി, പരുത്തി, എള്ള്, സൂര്യകാന്തി, കടല തുടങ്ങിയ ഹ്രസ്വകാല വിളകളാണു മഴ കുറഞ്ഞ സ്ഥലങ്ങളിലെ മുഖ്യകൃഷി. കേരളത്തോടു ചേർന്ന മൈസൂരു, ചാമരാജ് നഗർ, ഹൊസൂർ ജില്ലകളിൽ ഇത്തവണ മഴ വളരെ കുറഞ്ഞു. ചോളവും പരുത്തിയുമെല്ലാം ആദായം നൽകേണ്ട സമയത്താണു കരിഞ്ഞുണങ്ങുന്നത്. ജലസേചനത്തിനു സൗകര്യമുള്ള പ്രദേശങ്ങളിൽ മാത്രമാണിപ്പോൾ കൃഷി ബാക്കിയുള്ളത്.

നഞ്ചൻഗോഡ്, മണ്ഡ്യ, ഗുണ്ടൽപേട്ട എന്നിവിടങ്ങളിൽ കരിമ്പ്, നെല്ല് കൃഷികളും അവതാളത്തിലാണ്. പകൽചൂട് താങ്ങാനാവാത്ത വിധം ഉയർന്നതോടെ കർഷകർക്കു കൃഷിയിടങ്ങളിലിറങ്ങാനാവില്ല.

കുഴൽ കിണറുകളും ചിറകളും വറ്റി. സദാസമയവും ജലസേചനം വേണ്ട കരിമ്പ്, പച്ചക്കറി, വാഴ, ഇഞ്ചി എന്നിവ വൻതോതിൽ നശിച്ചു. ഇറക്കിയ കൃഷിയുടെ പകുതി പോലും രക്ഷപെടില്ലെന്നു കർഷകർ പറയുന്നു.

പുതുമഴയുടെ കനിവിലാണു കർഷകർ കരകൃഷി നടത്തിയത്. മഴക്കാലത്തോടെ ആദായവുമെടുത്ത് നെൽക്കൃഷിയും നടത്തിയിരുന്നു. ഇത്തവണ ആദ്യകൃഷിയും രണ്ടാം കൃഷിയും നഷ്ടമായതിന്റെ നിരാശയിലാണ് ഗ്രാമീണ കർഷകർ.

വിത്തും വളവുമുൾപ്പെടെ കടം വാങ്ങി കൃഷിയിറക്കിയവർ എന്തു ചെയ്യുമെന്നറിയാതെ പ്രയാസപ്പെടുന്നു.

കർണാടകയിലെ അണക്കെട്ടുകളിലും വെള്ളമില്ല. അതിനാൽ കൃഷിക്കു കാര്യമായി വെള്ളം നൽകുന്നില്ല. വയനാട്ടിൽ നിന്നുള്ള കബനിയിലെ അണക്കെട്ടിൽ നിന്ന് 5 താലൂക്കുകളിൽ കൃഷിക്കു വെള്ളം ലഭിച്ചിരുന്നു.

വയനാട് അടക്കമുള്ള കബനിയുടെയും കാവേരിയുടെയും വൃഷ്ടി പ്രദേശങ്ങൾ വറുതിയിലാണ്. ദിവസങ്ങളോളം തുറന്നിട്ടിരുന്ന ബീച്ചനഹള്ളി, കൃഷ്ണരാജ സാഗർ അണക്കെട്ടുകളുടെ ഷട്ടറുകൾ ഇക്കൊല്ലം തുറക്കേണ്ടി വന്നില്ല. അണക്കെട്ട് നിറയാനുള്ള വെള്ളം ഒരു ദിവസമാണ് ബീച്ചനഹള്ളിയിലുണ്ടായത്.

വരൾച്ച രൂക്ഷമായ തമിഴ്നാട് കാവേരി ജലവിഹിതം ആവശ്യപ്പെട്ട് രംഗത്തെത്തിയതും കർണാടകയ്ക്ക് ആശങ്കയായിട്ടുണ്ട്. മേട്ടൂർ അണക്കെട്ടിലേക്ക് വെള്ളം തുറന്നുവിടണമെന്നാണ് തമിഴ്നാടിന്റെ ആവശ്യം. കൃഷിക്കു പുറമേ രൂക്ഷമായ കുടിവെള്ളക്ഷാമത്തിലേക്കും നാട് നീങ്ങുമെന്ന ആശങ്ക ദിനംപ്രതി ശക്തമാകുന്നു.

## മാലിന്യത്തിൽ നിറഞ്ഞ് പള്ളിക്കച്ചിറ തോട്

**തുറവൂർ:** ഓണത്തിനോടനുബന്ധിച്ച് പുറന്തള്ളിയ മാലിന്യം കൊണ്ടു നിറഞ്ഞു പള്ളിക്കച്ചിറ തോട്. പള്ളിത്തോട്ചാവടി റോഡിൻറെ ഇരുവശത്തുമുള്ള തോടുകളിൽ നിരവധി ചാക്ക് മാലിന്യങ്ങളാണ് കഴിഞ്ഞ ദിവസം രാത്രി കൊണ്ടുവന്നു തള്ളിയിരിക്കുന്നത്.

തുറവൂർ, കുത്തിയതോട് പഞ്ചായത്തുകളുടെ പരിധിയിൽ വരുന്ന ഈ തോടുകളിൽ വൻതോതിലാണ് ഇറച്ചിമാലിന്യങ്ങളും കോഴിക്കടയിൽനിന്നുള്ള മാലിന്യങ്ങളും വീടുകളിലെയും വ്യാപാര സ്ഥാപനങ്ങളിലെയും മാലിന്യങ്ങളും ചാക്കിൽകെട്ടി തള്ളിയിരിക്കുന്നത്. ദുർഗന്ധംമൂലം ഈ റോഡിലൂടെ സഞ്ചരിക്കാൻ സാധിക്കാത്ത അവസ്ഥയാണ്. പ്രദേശവാസികൾ ഇതു മൂലം വൻ ദുരിതമാണ് അനുഭവിക്കുന്നത്. ബന്ധപ്പെട്ടവർക്ക് നിരവധി നിവേദനങ്ങൾ നൽകിയിട്ടും ഈ പ്രദേശത്തു മാലിന്യം തള്ളുന്നത് തടയാനുള്ള യാതൊരുവിധ നടപടിയും ഉണ്ടാകുന്നില്ല. ഇരു പഞ്ചായത്തുകളും കുത്തിയതോട് പോലീസും മാലിന്യം തള്ളുന്ന വിഷയത്തിൽ നിഷ്ക്രിയത തുടരുകയാണ്.

ചാവടി പ്രദേശങ്ങളിൽ കാമറ സ്ഥാപിച്ച് ഇവിടെ മാലിന്യം തള്ളുന്ന വാഹനങ്ങൾ പിടികൂടണമെന്നാവശ്യപ്പെട്ട് പ്രക്ഷോഭം നടത്തിയിട്ടും അധികൃതരുടെ ഭാഗത്തുനിന്നു യാതൊരുവിധ നടപടിയും ഉണ്ടാവുന്നില്ല. മാലിന്യങ്ങൾ മൂലം പ്രദേശവാസികൾ പകർച്ചവ്യാധി ഭീഷണിയിലാണ്. ഇവിടത്തെ ജലമൊഴുകി പാടശേഖരങ്ങളിലെത്തുകയാണ് ചെയ്യുന്നത്. പാടശേഖരങ്ങളുടെ സമീപത്ത് താമസിക്കുന്ന നൂറുകണക്കിന് കുടുംബങ്ങളെ ഇത് ബാധിക്കുകയും ചെയ്യുന്നുണ്ട്. അടിയന്തരമായി പള്ളിത്തോട്ചാവടി റോഡിൻറെ ഇരു വശങ്ങളിലുമുള്ള തോടുകളിൽ തള്ളുന്ന മാലിന്യം നീക്കം ചെയ്യാനുള്ള നടപടി സ്വീകരിക്കണമെന്ന ആവശ്യം ശക്തമാണ്.

## നെടുങ്കണ്ടം സിന്തറ്റിക് സ്റ്റേഡിയത്തിൻെറ ഉദ്ഘാടനം വൈകുന്നു

**ശാന്തിഗ്രാം:** പണി പൂർത്തീകരിച്ച നെടുങ്കണ്ടം സിന്തറ്റിക് സ്റ്റേഡിയത്തിൻറെ ഉദ്ഘാടനം വൈകുന്നതിൽ കായികതാരങ്ങൾക്കും സംഘടനകൾക്കും അമർഷം. ജില്ലാ, സംസ്ഥാന, ദേശിയ അത്‌ലറ്റിക് മത്സരങ്ങൾ എല്ലാം സെപ്റ്റംബർ, ഒക്ടോബർ മാസങ്ങളിലാണ് നടക്കുന്നത്.

നവംബറിലാണ് സ്റ്റേഡിയം ഉദ്ഘാടനം തീരുമാനിച്ചിരിക്കുന്നത്. ഇതു മൂലം ജില്ലയിലെ കായികതാരങ്ങൾക്ക് സിന്തറ്റിക് ട്രാക്കിൽ പരിശീലനം നടത്താനും മത്സര പരിചയം നേടാനുമുള്ള അവസരം നഷ്ടമാകുകയാണ്.

ജില്ലാ അത്‌ലറ്റിക് അസോസിയേഷൻറെ ഈ വർഷത്തെ ജില്ലാ ജൂണിയർ, സബ് ജൂണിയർ അത്‌ലറ്റിക് മീറ്റും റവന്യു ജില്ലാ സ്കൂൾ കായിക മേളയും ഈ സ്റ്റേഡിയത്തിൽ നടത്താൻ ഉദ്ദേശിച്ചിരുന്നു.

എന്നാൽ, സെപ്റ്റംബറിൽതന്നെ ഈ മേളകൾ നടത്തേണ്ടതിനാൽ ജൂണിയർ മീറ്റ് കാൽവരിമൗണ്ടിലേക്കും സ്കൂൾ കായികമേള തൊടുപുഴയിലേക്കും മാറ്റി നടത്തേണ്ട അവസ്ഥയായി.

ഈ സാഹചര്യത്തിൽ സംസ്ഥാന, ദേശീയ മത്സരങ്ങൾക്ക് ഒരുങ്ങുന്ന ജില്ലയിലെ കുട്ടികൾക്ക് ജില്ലയിലെ ഏക സിന്തറ്റിക് ട്രാക്ക് ആയ നെടുങ്കണ്ടത്ത് കുറച്ചു ദിവസത്തെ പരിശീലനത്തിനെങ്കിലും അവസരം ലഭിക്കുമെന്നാണ് കുട്ടികളുടെയും പരിശീലകരുടെയും പ്രതിക്ഷ.

## പള്ളിച്ചിറങ്ങര ചിറ ടൂറിസം പദ്ധതി യാഥാർഥ്യമാകുന്നു

**മൂവാറ്റുപുഴ:** പള്ളിച്ചിറങ്ങര ചിറ ടൂറിസം പദ്ധതി പ്രാബല്യത്തിലേക്ക്. എംസി റോഡിൽ പേഴയ്ക്കാപ്പിള്ളി പള്ളിച്ചിറങ്ങരയിൽ പായിപ്ര പഞ്ചായത്തിൻറെ ഉടമസ്ഥതയിലുള്ള സ്ഥലത്തെ പള്ളിച്ചിറങ്ങര ചിറ കേന്ദ്രീകരിച്ചാണ് ടൂറിസം പദ്ധതിക്ക് അവസരമൊരുങ്ങുന്നത്.

ഇതിനായി 1.32 ലക്ഷം പഞ്ചായത്ത് വകയിരുത്തിയിട്ടുണ്ട്. ടെണ്ടർ നടപടികൾ ഉടൻ ആരംഭിക്കുമെന്ന് പ്രസിഡൻറ് മാത്യൂസ് വർക്കി പറഞ്ഞു.

എംസി റോഡിനോടു ചേർന്നുള്ള ചിറയ്ക്ക് ചുറ്റും നടപ്പാത, പെഡൽ ബോട്ടിംഗ്, നീന്തൽ പരിശീലനം, റിവോൾവിംഗ് റസ്റ്റോറൻറ്, കുളിക്കടവുകൾ എന്നിവ നടപ്പാക്കുവാനാണ് ഉദ്ദേശിക്കുന്നത്.

കനത്ത വേനലിൽപോലും വെള്ളം നിലനിർത്താൻ പെരിയാർവാലിയുടെ തൃക്കളത്തൂർ കനാലിൽനിന്ന് ലിഫ്റ്റ് ഇറിഗേഷൻ വഴി ചിറയിൽ വെള്ളമെത്തിക്കുന്നുണ്ട്. ഇതിനായി തൃക്കളത്തൂർ പാടശേഖരത്തിൽ കിണർ കുഴിച്ച് പൈപ്പ് വഴിയാണ് വെള്ളം എത്തിക്കുന്നത്.

വേനൽക്കാലത്ത് ചിറയിൽ ജലനിരപ്പ് നിലനിർത്തുന്നതോടെ ശബരിമല സീസണിൽ തീർഥാടകർക്ക് കുളിക്കാനും മറ്റും ചിറയെ ഉപയോഗിക്കാനും കഴിയും. കൂടാതെ തൃക്കളത്തൂർ ഭാഗത്തെ ശുദ്ധജല ക്ഷാമത്തിനും ഒരു പരിധിവരെ പരിഹാരമായി.

# ഗറീന ഫ്രീ ഫയർ ഇന്ത്യ അവതരിപ്പിക്കുന്നു




**കൊച്ചി:** സിംഗപ്പൂരിലെ ആഗോള ഓൺലൈൻ ഗെയിം ഡെവലപ്പറും പബ്ലിഷറുമായ ഗറീന, ഫ്രീ ഫയർ ഇന്ത്യ അവതരിപ്പിക്കുന്നതായി പ്രഖ്യാപിച്ചു. ഇന്ത്യയിൽ മാത്രമായി സെപ്റ്റംബർ 5 മുതൽ ഈ ഗെയിം ഡൗൺലോഡിന് ലഭ്യമാവും. ഇന്ത്യയിലെ സിംഗപ്പൂർ ഹൈക്കമ്മീഷണർ എച്ച്.ഇ സൈമൺ വോങിന്റെ സാനിധ്യത്തിൽ ഗറീന സഹസ്ഥാപകൻ ഗാങ് യേയും. യോട്ട ഇൻഫ്രാസ്ട്രക്ചറിന്റെ സഹസ്ഥാപകനും ചെയർമാനുമായ ദർശൻ ഹിരാനന്ദാനിയും ചേർന്നാണ് പ്രഖ്യാപനം നടത്തിയത്. സുരക്ഷിതവും ആരോഗ്യകരവും രസകരവുമായ ഗെയിം പ്ലേ പ്രോത്സാഹിപ്പിക്കുന്നതിനായി ഇന്ത്യൻ ഗെയിമർമാർക്കായി വികസിപ്പിച്ചെടുത്ത പ്രാദേശിക ഉള്ളടക്കവും ഫീച്ചറുകളുമാണ് ഫ്രീ ഫയർ ഇന്ത്യ വാഗ്ദാനം ചെയ്യുന്നത്. പാരന്റൽ സൂപ്പർവിഷൻ, ഗെയിംപ്ലേ ലിമിറ്റേഷൻസ്, ടേക്ക് എ ബ്രേക്ക് റിമൈൻഡേഴ്സ് തുടങ്ങിയ ഫീച്ചറുകൾ ഫ്രീ ഫയർ ഇന്ത്യയിലുണ്ട്. ഇന്ത്യൻ ക്രിക്കറ്റ് ഐക്കൺ എം.എസ് ധോണിയെ ഫ്രീ ഫയർ ഇന്ത്യയുടെ പുതിയ ബ്രാൻഡ് അംബാസഡറായും ഗറീന പ്രഖ്യാപിച്ചിട്ടുണ്ട്. ഇന്ത്യൻ ഫുട്ബോൾ ക്യാപ്റ്റൻ സുനിൽ ഛേത്രി, ബാഡ്മിന്റൺ ചാമ്പ്യൻ സൈന നെഹ്‌വാൾ, ടെന്നീസ് ഇതിഹാസം ലിയാണ്ടർ പേസ്, കബഡി ചാമ്പ്യൻ രാഹുൽ ചൗധരി തുടങ്ങിയ ഇന്ത്യൻ കായികതാരങ്ങളെയും ഗെയിമിൽ അവതരിപ്പിക്കും. ഹിരാനന്ദാനി ഗ്രൂപ്പ് കമ്പനിയായ യോട്ട, ഫ്രീ ഫയർ ഇന്ത്യയ്ക്കായി പ്രാദേശിക ക്ലൗഡ് ഹോസ്റ്റിങ്ങും സ്റ്റോറേജ് ഇൻഫ്രാസ്ട്രക്ചറും നൽകും. ഇന്ത്യൻ ഉപഭോക്താക്കളുടെ ഡേറ്റ ശേഖരിക്കുന്നതിനും സംരക്ഷിക്കുന്നതിനും യോട്ടയുടെ വ്യവസായ വൈദഗ്ധ്യവും പ്രയോജനപ്പെടുത്തും. ഉത്തർപ്രദേശ് സർക്കാരുമായുള്ള ധാരണാപത്രത്തിന്റെ ഭാഗമായി ഗറീന പുതിയ ഫ്രീ ഫയർ ഇന്ത്യ ചാമ്പ്യൻഷിപ്പും ചടങ്ങിൽ പ്രഖ്യാപിച്ചു. ഫ്ളാഗ്ഷിപ്പ് ഫ്രീ ഫയർ ഇന്ത്യ ചാമ്പ്യൻഷിപ്പ് (എഫ്എഫ്ഐസി) ഈ മാസം അവസാനം നടക്കുമെന്ന് ഗറീന അറിയിച്ചു. വിജയികൾക്ക്  നവംബറിൽ തായ്ലൻഡിൽ നടക്കുന്ന ഫ്രീ ഫയർ വേൾഡ് സീരീസിൽ ഇന്ത്യയെ പ്രതിനിധീകരിക്കാൻ അവസരം ലഭിക്കും.ഗറീനയുടെ ഫ്രീ ഫയർ ഇന്ത്യ ലോഞ്ചിങ്ങും പ്രാദേശികമായി ഇസ്പോർട്സ് ഇക്കോസിസ്റ്റം പ്രാദേശികവൽക്കരിക്കാനും വികസിപ്പിക്കാനുമുള്ള പ്രതിബദ്ധതയും, ഇന്ത്യയിലെ മൊബൈൽ ഗെയിമുകളുടെയും ഇസ്പോർട്സ് വ്യാപ്തിയുടെയും ചടുലതയുടെയും ഈ മേഖലയിൽ ആഗോള നേതൃത്വത്തിനുള്ള ഇന്ത്യയുടെ സാധ്യതകളിലേക്കുമുള്ള സാക്ഷ്യമാണെന്ന് ഇന്ത്യയിലെ സിംഗപ്പൂർ ഹൈക്കമ്മീഷണർ എച്ച്.ഇ സൈമൺ വോങ് പറഞ്ഞു. ഇന്ത്യക്കും സിംഗപ്പൂരിനുമിടയിൽ ഡിജിറ്റൽ മീഡിയ, വിനോദം, ഇസ്പോർട്സ് മേഖലകളിൽ കൂടുതൽ പങ്കാളിത്തം  പ്രതീക്ഷിക്കുന്നുവെന്നും അദ്ദേഹം കൂട്ടിച്ചേർത്തു.ഫ്രീ ഫയർ ഇന്ത്യയുടെ അവതരണത്തിലൂടെ ഇന്ത്യയിൽ നിന്ന് തങ്ങളുടെ ആരാധകരെ പിന്തുണയ്ക്കാൻ കഴിയുന്നതിൽ തങ്ങൾ സന്തുഷ്ടരാണെന്നും, ഇന്ത്യൻ ഉപയോക്താക്കൾക്ക് ആകർഷകവും കൂടുതൽ പ്രാദേശികവത്ക്കരിച്ചതുമായ അനുഭവം നൽകാൻ തങ്ങൾ ആഗ്രഹിക്കുന്നുവെന്നും ഗറീന സഹസ്ഥാപകൻ ഗാങ്യെ പറഞ്ഞു.

# ഫാസ്റ്റ്ട്രാക്ക് ബ്രാൻഡ് അംബാസഡറായി വിജയ് ദേവരകൊണ്ട

**കൊച്ചി:** ഫാസ്റ്റ്ട്രാക്ക് യുവ സൂപ്പർസ്റ്റാർ വിജയ് ദേവരകൊണ്ടയെ ബ്രാൻഡ് അംബാസഡറായി നിയമിച്ചു. ഫാസ്റ്റ്ട്രാക്കിൻറെ പുതിയ ബ്രാൻഡ് കാമ്പെയിനായ 'ബി ബോത്ത്'ൽ നായകനാകുന്നതും വിജയ് ദേവരകൊണ്ടയാണ്. വിപരീത ഘടകങ്ങൾ സംയോജിക്കുന്ന ഡിസൈൻ സവിശേഷതകളുള്ള 15 അദ്വിതീയ വാച്ചുകളുടെ ശേഖരം ഈ കാമ്പെയിൻ ഉയർത്തിക്കാട്ടുന്നു. ഈ വാച്ചുകളിൽ സ്കെലിറ്റൽ ഓട്ടോമാറ്റിക്, ക്രോണോഗ്രാഫുകൾ, യുവാക്കൾക്കുള്ള മൾട്ടിഫംഗ്ഷൻ ഡിസൈനുകൾ, യുവതികൾക്കുള്ള ബ്ലിംഗ് റോസ് ഗോൾഡ്, ബ്രേസ്ലെറ്റ് ഡിസൈനുകൾ എന്നിവ ഉൾപ്പെടുന്നു. 2995 രൂപ മുതൽ 9995 രൂപ വരെയാണ് ഫാസ്റ്റ്ട്രാക്ക് 'ബി ബോത്ത്' ശേഖരത്തിൻറെ വില.ഈ ബ്രാൻഡ് കാമ്പെയിനിലൂടെ, യുവാക്കളുടെ ജീവിതത്തെ നിർവചിക്കുന്ന വൈരുദ്ധ്യങ്ങളിലേക്ക് ഫാസ്റ്റ്ട്രാക്ക് ശ്രദ്ധ കേന്ദ്രീകരിക്കുകയും അവർ സ്വയം പ്രകടിപ്പിക്കുന്ന രീതിയുടെ അവിഭാജ്യ ഘടകമായി മാറുകയുമാണെന്ന് ഫാസ്റ്റ്ട്രാക്ക് മാർക്കറ്റിംഗ് ആൻഡ് പ്രൊഡക്ട് മേധാവി അജയ് മൗര്യ പറഞ്ഞു. കാമ്പെയിന് ആധികാരികതയും വൈവിധ്യവും മികച്ച ശൈലിയും കൊണ്ടുവരാൻ കഴിവുള്ള ട്രെൻഡ് സെറ്ററായ വിജയ് ദേവരകൊണ്ടയുമായി സഹകരിക്കുന്നതിൽ ഞങ്ങൾ സന്തുഷ്ടരാണ്. അദ്ദേഹം ഫാസ്റ്റ്ട്രാക്കിൻറെ ബ്രാൻഡ് ധാർമ്മികതയെ പ്രതിനിധീകരിക്കാൻ കഴിയുന്ന മികച്ച അംബാസഡറാണെന്നും അജയ് മൗര്യ പറഞ്ഞു.ഫാസ്റ്റ്ട്രാക്കുമായുള്ള സഹകരണത്തെക്കുറിച്ച് ഞാൻ ശരിക്കും ആവേശഭരിത




നാണെന്ന് ഫാസ്റ്റ്ട്രാക്കിൻറെ ബ്രാൻഡ് അംബാസഡർ വിജയ് ദേവരകൊണ്ട പറഞ്ഞു. ബ്രാൻഡ് എല്ലായ്പ്പോഴും യുവാക്കളെക്കുറിച്ചുള്ള ഏറ്റവും രസകരമായ ഉൾക്കാഴ്ചകൾ കണ്ടെത്തുന്നുണ്ട്. ഈ കാമ്പെയിനിലൂടെയും അത് തുടരുകയാണ്. ഒരാളുടെ വ്യക്തിത്വത്തിലെയും തിരഞ്ഞെടുപ്പുകളിലെയും വൈരുദ്ധ്യങ്ങളെ ആഘോഷിക്കുക എന്ന 'ബി ബോത്ത്' കാമ്പെയിൻറെ സന്ദേശം  തന്നോട് ഏറെ ചേർന്ന് നിൽക്കുന്നതാണ്. ഈ അതുല്യമായ നിരീക്ഷണത്തിന് നൽകിയ ഫാഷനബിൾ ക്രിയേറ്റീവ് എക്സ്പ്രഷനിൽ ആവേശഭരിതനാണെന്നും അദ്ദേഹം പറഞ്ഞുഫാസ്റ്റ്ട്രാക്ക്, ടൈറ്റൻ വേൾഡ് സ്റ്റോറുകൾ, മൾട്ടിബ്രാൻഡ് ഔട്ട്ലെറ്റുകൾ, ലൈഫ്സ്റ്റൈൽ, ഷോപ്പേഴ്സ് സ്റ്റോപ്പ് എന്നിവിടങ്ങളിലും ഓൺലൈനായി www.fastrack.in, ഫ്ലിപ്കാർട്ട്, ആമസോൺ, മിന്ത്ര എന്നിവിയങ്ങളിലും ഫാസ്റ്റ്ട്രാക്ക് 'ബി ബോത്ത്' കളക്ഷൻ വാച്ചുകൾ ലഭ്യമാണ്.

# പത്തനംതിട്ടയിൽ ഹോണ്ട ബിഗ് വിങ് ഷോറൂം തുറന്നു




**കൊച്ചി:** ഹോ മോട്ടോർസൈക്കിൾ ആൻഡ് സ്കൂട്ടർ ഇന്ത്യ (എച്ച്എംഎസ്ഐ) പത്തനംതിട്ടയിൽ പുതിയ ഹോ  ബിഗ് വിങ് ഷോറൂം ഉദ്ഘാടനം ചെയ്തു. ഇതോടെ രാജ്യമൊട്ടാകെ 131 ലധികം പ്രവർത്തന ടച്ച് പോയിന്റുകളിൽ ഉപഭോക്താക്കൾക്ക് ബിഗ് വിങ് അനുഭവം ലഭിക്കും.  കേരളത്തിലെ 17ാമത് പ്രീമിയം ഔട്ട്ലെറ്റാണിത്. വലിയ മെട്രോകളിൽ ബിഗ് വിങ് ടോപ്പ്ലൈനും, മറ്റു ആവശ്യ കേന്ദ്രങ്ങളിൽ ബിഗ് വിങുമാണ് ഹോയുടെ പ്രീമിയം മോട്ടോർസൈക്കിൾ റീട്ടെയിൽ സംവിധാനത്തെ നയിക്കുന്നത്. ബ്രാൻഡിന്റെ 300 സിസി മുതൽ 1800 സിസി വരെയുള്ള ഹോയുടെ സമ്പൂർണ പ്രീമിയം മോട്ടോർസൈക്കിളുകൾ ഉൾക്കൊള്ളുന്നതാണ് ഹോ ബിഗ് വിങ് ടോപ്പ്ലൈൻ. ഹോയുടെ 300 സിസി മുതൽ 500 സിസി വരെയുള്ള മിഡ്സൈസ് മോട്ടോർ സൈക്കിളുകളാണ് ബിഗ് വിങ് ഔട്ട്ലൈറ്റുകളിലുള്ളത്.ഉപഭോക്താവിന്റെ ഉൽപന്നവുമായും ആക്സസറികളുമായും ബന്ധപ്പെട്ട സംശയങ്ങൾ ബിഗ് വിങിലെ മികച്ച പരിശീലനം ലഭിച്ച പ്രൊഫഷണലുകളാണ് പരിഹരിക്കുന്നത്. തിരയൽ മുതൽ വാങ്ങൽ വരെയുള്ള കാര്യങ്ങൾ എളുപ്പമാക്കുന്നതിന് വിശദമായ എല്ലാ വിവരങ്ങളോടും കൂടിയ വെബ്സൈറ്റും (www.HondaBigWing.in) ലഭ്യമാണ്. https://virtualshow-room.hondabigwing.ina എന്ന വെർച്വൽ പ്ലാറ്റ്ഫോമിലൂടെ മോട്ടോർസൈക്കിൾ ലൈനപ്പ്, റൈഡിങ് ഗിയർ, ആക്സസറികൾ എന്നിവ വിശദമായി അറിയാനും സൗകര്യമു്. ഹൈനസ് സിബി350, സിബി350 ആർഎസ് എന്നിവയ്ക്കായി ആറ് വ്യത്യസ്ത ഇഷ്ടാനുസൃത കിറ്റുകളിൽ തുടങ്ങി ഹോ ഉപഭോക്താക്കളുടെ എക്കാലത്തെയും മാറിക്കൊരിക്കുന്ന ആവശ്യങ്ങൾ നിറവേറ്റുന്നതിനായി മൈ സിബി, മൈ വേ എന്ന പേരിൽ പ്രത്യേക പാക്കേജുമു്.

# പുതിയ ബ്രാൻഡ് ഐഡിന്റിറ്റി അവതരിപ്പിച്ച് ടാറ്റാ പാസഞ്ചർ ഇലക്ട്രിക് മൊബിലിറ്റി




**കൊച്ചി:** ഇന്ത്യയിലെ ഇ വി വിപ്ലവത്തിന്റെ ചുക്കാൻ പിടിക്കുന്ന ടാറ്റാ മോട്ടോഴ്സിന്റെ സഹസ്ഥാപനമായ ടാറ്റാ പാസഞ്ചർ ഇലക്ട്രിക് മൊബിലിറ്റി പുതിയ ബ്രാൻഡ് ഐഡിന്റിറ്റി പുറത്തിറക്കി. ഇവി ബിസിനസ്സിനായി പുറത്തിറക്കിയ ഇതിന്റെ പേര് ടാറ്റാ ഇവി എന്നാണ്. സുസ്ഥിരത, നവീനതകൾ കത്തെുന്നതിനുള്ള നേതൃത്വം വഹിക്കൽ എന്നതിനു പുറമേ സാമൂഹിക വികസനത്തിൽ ടാറ്റാ ഗ്രൂപ്പ് നൽകുന്ന പ്രത്യേക ശ്രദ്ധ എന്നിവയുമായി ബന്ധപ്പെട്ടതാണ് ഈ പുതിയ ഐഡിന്റിറ്റിയെന്ന് കമ്പനി അധികൃതർ വ്യക്തമാക്കി. ' മൂവ് വിത്ത് മീനിങ്ങ് 'അർത്ഥപൂർണ്ണമായി മുന്നോട്ട് നീങ്ങാം) എന്ന ബ്രാൻഡിന്റെ മുഖ്യ തത്വത്തിന്റെ മൂർത്തീകരണമാണ് പുതിയ ബ്രാൻഡ് ഐഡിന്റിറ്റി. സുസ്ഥിരത, സമൂഹം, സാങ്കേതിക വിദ്യ എന്നീ മൂല്യങ്ങളെ ഇത് ഒന്നിച്ചു ചേർക്കുന്നു. ഈ ഗ്രഹത്തിനും അതിൽ വസിക്കുന്നവർക്കുമെല്ലാം നന്മ കൊു വരുന്ന വൈദ്യുതി എന്ന ഭാവിയിലേക്കുള്ള നീക്കത്തിന്റെ ഭാഗമായി സംഘടിത സംരംഭത്തിലൂടെ ഉപഭോക്താക്കൾക്ക് വ്യത്യസ്തവും അർത്ഥപൂർണ്ണവുമായ അനുഭവം നൽകുന്നതിലേക്കുള്ള ആദ്യ ചുവടാണ് ഇതെന്നും കമ്പനി അധികൃതർ പറഞ്ഞു.ഉപഭോക്താക്കളുടെ ആവശ്യവും അതിശക്തമായ മികച്ച ഉൽപ്പന്ന നിരകളും വർദ്ധിക്കുന്നതിലൂടെ ഇവി വാഗ്ദാനങ്ങൾ വളർന്നു കൊിരിക്കുന്ന വേളയിൽ എല്ലാ സമ്പർക്ക പോയന്റുകളിലും നവീനമായ അനുഭവമാണ് ഉപഭോക്താക്കൾ പ്രതീക്ഷിക്കുന്നത്. ബ്രാൻഡ് മുതൽ ഉൽപ്പന്നവും അതിന്റെ ഉടമസ്ഥാവകാശവും അടങ്ങിയ എല്ലാ ഘട്ടങ്ങളിലും. ഭാവിയിലെ സഞ്ചാര മാർഗ്ഗങ്ങളോട് പ്രതിബദ്ധത പുലർത്തുന്ന സമീപനങ്ങളെ കരുത്തുറ്റതാക്കുവാൻ പുതിയ ഉപഭോക്തൃ കേന്ദ്രീകൃത ബ്രാൻഡ് ഐഡിന്റിറ്റിയുടെ ആവശ്യം വ്യക്തമായി കത്തെിയിട്ടു് ടാറ്റാ. ഇ വിയെന്നും കമ്പനി അധികൃതർ പറഞ്ഞു.

# വ്യത്യസ്ത ക്യാമ്പയിനുമായി പ്ലാറ്റിനം ഗിൽഡ് ഇന്റർനാഷണൽ


**തൃശൂർ:** പ്ലാറ്റിനം ഗിൽഡ് ഇന്റർനാഷണൽ (പിജിഐ) ഇന്ത്യയുടെ ബ്രാൻഡായ മെൻ ഓഫ് പ്ലാറ്റിനം വ്യത്യസ്തമായ ക്യാമ്പയിൻ അവതരിപ്പിച്ചു. ക്രിക്കറ്റ് താരം സൂര്യകുമാർ യാദവിനെ മുൻനിർത്തി ആറ് എപ്പിസോഡുകളുള്ള മിനി പരമ്പരയാണ് ക്യാമ്പയിനിലൂടെ അവതരിപ്പിക്കുന്നത്. സൂര്യകുമാറിന്റെ യാത്രയുടെ ജീവിതകഥക്ക് സമാന്തരമായി മെൻ ഓഫ് പ്ലാറ്റിനം പ്രതിനിധീകരിക്കുന്ന അസുലഭമായ മൂല്യങ്ങളാണ് ഓരോ എപ്പിസോഡിലും ചിത്രീകരിക്കപ്പെടുന്നത്. എ മിനുട്ട് വിത് മെൻ ഓഫ് പ്ലാറ്റിനം എക്സ് സൂര്യകുമാർ യാദവ് എന്നാണ് ഈ ക്യാമ്പയിൻ പരമ്പരക്ക് പേരിട്ടിരിക്കുന്നത്. എ മിനുട്ട് ഓൺ സെൽഫ് ബിലീഫ് എന്ന എപ്പിസോഡു കൂടിയാണ് പരമ്പര ആരംഭിക്കുന്നത്. എ മിനുട്ട് ഓൺ കറേജ്,എ മിനുട്ട് ഓൺ റസിലിയൻസ് എന്നിങ്ങനെയാണ് യഥാക്രമം രും മൂന്നും എപ്പിസോഡുകൾ.  എ മിനുട്ട് ഓൺ കംപാഷൻ എന്ന നാലാം എപ്പിസോഡ് സൂര്യകുമാറിന്റെ മനസിലെ വിഗ്രഹമായ മാസ്റ്റർ ബ്ലാസ്റ്ററുമായുള്ള അദ്ദേഹത്തിന്റെ ആദ്യകാല ദിനങ്ങളുടെ സുന്ദരമായ നിമിഷങ്ങളാണ് പങ്കുവയ്ക്കുന്നത്. എ മിനുട്ട് ഓൺ എൻഡ്യൂറൻസ് സൂര്യകുമാറും പ്ലാറ്റിനവും ഒരുപോലെ പങ്കുവയ്ക്കുന്ന ഏറെക്കാലം നീു നിൽക്കാനുള്ള കഴിവാണ് വെളിവാക്കുന്നത്. എ മിനുട്ട് ഒൺ സ്റ്റേയിങ്ങ് ട്രൂ എന്ന അവസാന എപ്പിസോഡ് പ്ലാറ്റിനം എക്കാലവും അതിന്റെ യഥാർഥ രൂപത്തിൽ നിലനിൽക്കുന്നതു പോലെ സൂര്യകുമാറും തന്റേതായ ശൈലിയിൽ കളിച്ച് താനായി തന്നെ നിലനിന്ന് ക്രിക്കറ്റിൽ മാത്രമല്ല, ജനലക്ഷങ്ങളുടെ ഹൃദയങ്ങളിലും സ്ഥാനമുറപ്പിച്ച കഥ പറയുന്നു.

# തരുൺ ശർമ വാർഡ്‌വിസാർഡ് മാർക്കറ്റിങ് ആൻഡ് ബ്രാൻഡിങ് പ്രസിഡന്റ്



**കൊച്ചി:** ജോയ് ഇ-ബൈക്ക് ബ്രാൻഡിന് കീഴിലുള്ള ഇലക്ട്രിക് വാഹനങ്ങളുടെ ഇന്ത്യയിലെ മുൻനിര നിർമാതാക്കളായ വാർഡ് വിസാർഡ് ഇന്നൊവേഷൻസ് ആൻഡ് മൊബിലിറ്റി ലിമിറ്റഡ്, കമ്പനിയുടെ മാർക്കറ്റിങ് ആന്റ് ബ്രാൻഡിങ് പ്രസിഡന്റായി തരുൺ ശർമയെ നിയമിച്ചു. സെയിൽസിലും മാർക്കറ്റിങ്ങിലും 20 വർഷത്തിലേറെ സമ്പന്നവും വൈവിധ്യപൂർണവുമായ അനുഭവപരിചയമുള്ള തരുൺ ശർമ, വൻകിട ടെലികോം, ടെക്നോളജി സ്ഥാപനങ്ങൾക്കായി ഡിജിറ്റൽ, ബി2ബി മാർക്കറ്റിങ്, സെയിൽസ്, കസ്റ്റമർ എക്സ്പീരിയൻസ് എന്നിവ വിന്യസിക്കുന്നതിൽ പരിചയസമ്പന്നനാണ്. നേരത്തെ വോഡഫോൺ ഐഡിയ ലിമിറ്റഡിൽ സ്ട്രാറ്റജിക് മാർക്കറ്റിങ് ഫോർ എന്റർപ്രൈസ് ബിസിനസ് (ബിടുബി) തലവനായിരുന്നു. റിലയൻസ് കമ്മ്യൂണിക്കേഷൻസ്, ഭാരതി എയർടെൽ ലിമിറ്റഡ് തുടങ്ങിയ ടെലികോം ഭീമന്മാർക്കൊപ്പം പ്രവർത്തിച്ചിട്ടുള്ള തരുൺ ശർമ ലഖ്നൗ ഐഐഎമ്മിലെ പൂർവ വിദ്യാർഥി കൂടിയാണ്. വാർഡ്‌വിസാർഡ് കുടുംബത്തിലേക്ക് തരുൺ ശർമയെ സ്വാഗതം ചെയ്യുന്നതിൽ തങ്ങൾക്ക് അഭിമാനമുന്ന് വാർഡ്‌വിസാർഡ് ഇന്നൊവേഷൻസ് ആൻഡ് മൊബിലിറ്റി ലിമിറ്റഡിന്റെ ചെയർമാനും മാനേജിങ് ഡയറക്ടറുമായ യതിൻ ഗുപ്തെ പറഞ്ഞു. പ്രധാനമായും സെയിൽസിലും മാർക്കറ്റിങ്ങിലുമുള്ള അദ്ദേഹത്തിന്റെ സമഗ്രമായ അനുഭവം, തങ്ങളുടെ കമ്പനിയുടെ മൂല്യങ്ങളോടും കാഴ്ചപ്പാടുകളോടും തികച്ചും യോജിക്കുന്നു. തങ്ങളുടെ നേതൃത്വ ടീമിന്റെ വിലയേറിയ കൂട്ടിച്ചേർക്കൽ എന്ന നിലയിൽ, തങ്ങളുടെ വളർച്ചാ പദ്ധതികൾ തന്ത്രപരമായി നയിക്കുന്നതിൽ തരുൺ നിർണായക പങ്ക് വഹിക്കുമെന്നും യതിൻ ഗുപ്തെ പ്രത്യാശ പ്രകടിപ്പിച്ചു. വാർഡ്‌വിസാർഡിന്റെ ഭാഗമാകാൻ കഴിഞ്ഞത് വിശേഷപദവിയായി കരുതുന്നുവെന്ന് വാർഡ്‌വിസാർഡ് ഇന്നൊവേഷൻസ് ആൻഡ് മൊബിലിറ്റി ലിമിറ്റഡിന്റെ മാർക്കറ്റിങ് ആൻഡ് ബ്രാൻഡിങ് പ്രസിഡന്റായി നിയമിതനായ തരുൺ ശർമ പറഞ്ഞു. 2030ഓടെ മേക്കിങ് ഇന്ത്യ, ഇലക്ട്രിക് വെഹിക്കിൾ നേഷൻ എന്ന വലിയ കാഴ്ചപ്പാടിന് സംഭാവന നൽകുന്ന ഒരു പുതിയ യാത്ര ആരംഭിക്കുന്നതിൽ സന്തുഷ്ടനാണെന്നും അദ്ദേഹം കൂട്ടിച്ചേർത്തു.

# ജർമ്മൻ സംരംഭങ്ങളുമായി സഹകരിച്ച് ആറ് കെ എസ് യു എം സ്റ്റാർട്ടപ്പുകൾ



**കൊച്ചി:** ജർമ്മൻ സംരംഭങ്ങളുമായി സഹകരിച്ച് ആ രാജ്യത്ത് പ്രവർത്തനം വിപുലമാക്കാൻ കേരള സ്റ്റാർട്ടപ്പ് മിഷനിലെ ആറ് സംരംഭങ്ങൾ. കേരള സ്റ്റാർട്ടപ്പ് മിഷൻറെ നേതൃത്വത്തിൽ നടത്തിയ ജർമ്മൻ സന്ദർശനത്തിലാണ് കമ്പനികളുടെ പ്രവർത്തന വിപുലീകരണത്തിന്റെ സോഫ്റ്റ് ലോഞ്ച് നടത്തിയത്.ഇൻഫ്യൂസറി ഫ്യൂച്ചർ ടെക് ലാബ്സ്, പ്ലേസ്പോട്സ്, സ്കീബേർഡ് ടെക്നോളജീസ്, ഫ്യൂസലേജ് ഇനോവേഷൻസ്, ട്രാൻകിലിറ്റി ഐഒടി ആൻഡ് ബിഗ് ഡേറ്റ സൊല്യൂഷൻസ്, ടോസിൽ സിസ്റ്റംസ് എന്നിവയുടെ സ്ഥാപകരും മേധാവികളുമാണ് കേരള സ്റ്റാർട്ടപ്പ് മിഷൻ സംഘത്തിലുായിരുന്നത്. ജർമ്മനിയിലെ നോർത്ത് റൈൻ വെസ്റ്റ്ഫാലിയ(എൻആർഡബ്ല്യൂ) സംഘം സന്ദർശിച്ചു. ക്രെഫെൽഡ്, എസ്സെൻ, ഡോർട്മുൻഡ്, സോലിഗെൻ, ഡസൽഡ്രോഫ് എന്നീ നഗരങ്ങളാണ് സംഘം സന്ദർശിച്ചത്. യൂറോപ്യൻ ഇനോവേഷൻ ഇകോസിസ്റ്റത്തിലെ സുപ്രധാന വ്യക്തിത്വങ്ങളും സ്ഥാപനങ്ങളുമായി സംഘം ആശയവിനിമയം നടത്തി. ആഗോള ഡിജിറ്റൽ ഡെമോ ഡേയിലും സ്റ്റാർട്ടപ്പുകൾ പങ്കെടുത്തു. വാണിജ്യസഹകരണം വർധിപ്പിക്കുന്ന വിവിധ ചർച്ചകളിലും കൂടിക്കാഴ്ചകളിലും സംഘം പങ്കെടുത്തു.സുപ്രധാനവും സാർഥകവുമായ ചർച്ചകളും നിക്ഷേപസാധ്യതകളും ജർമ്മൻ സന്ദർശനത്തിലൂടെ ലഭിച്ചെന്ന് കെഎസ് യുഎം സിഇഒ അനൂപ് അംബിക പറഞ്ഞു. വിദേശ വ്യവസായ അന്തീരക്ഷത്തെ കൂടുതൽ മനസിലാക്കാനും പഠിക്കാനും ഇതു വഴി സാധിക്കുമെന്നും അദ്ദേഹം പറഞ്ഞു.ജർമ്മൻ ഇന്ത്യ സ്റ്റാർട്ടപ്പ് എക്സ്ചേഞ്ച് പരിപാടി(ജിൻസെപ്) യുടെ ഭാഗമായാണ് ഈ സന്ദർശനം സംഘടിപ്പിച്ചത്. എൻആർഡബ്ല്യൂ ഗ്ലോബൽ ബിസിനസ്, ഓഫീസ് ഓഫ് ഇകണോമിക് ഡെവലപ്മൻറ് ഡസൽഡ്രോഫ് എന്നിവയുടെ സഹകരണവുമുായിരുന്നു.പ്രധാനമായും 16 സെഷനുകളിലാണ് സ്റ്റാർട്ടപ്പുകൾ പങ്കെടുത്തത്. ആഗോളവിപണിയിലേക്കുള്ള സ്വന്തം തയ്യാറെടുപ്പ് വിലയിരുത്താൻ സ്റ്റാർട്ടപ്പുകൾക്ക് അവസരം ലഭിച്ചു. സന്ദർശനത്തിന് മുമ്പേ തന്നെ ഓൺലൈനിലൂടെ നിരവധി കൂടിക്കാഴ്ചകളും ചർച്ചകളും ജിൻസെപും എൻആർഡബ്ല്യൂവുമായി നടത്തിയിരുന്നു. ഡെമോ ഡേയിൽ ഇന്ത്യൻ പവലിയനൊരുക്കിയത് കൂടാതെ ഡസൽഡ്രോഫിലെ വ്യാവസായിക പ്രമുഖരുമായി ഉന്നതതല ചർച്ചകളും കേരളത്തിൽ നിന്നുള്ള സ്റ്റാർട്ടപ്പുകൾ നടത്തി.

# ഡിജിറ്റൽ സമ്പദ്ഘടന ശക്തിപ്പെടുത്തൽ: ഇന്ത്യാ പോസ്റ്റും, റെയിൽവേയുമായി സഹകരിച്ച് ആമസോൺ



**കൊച്ചി:** ഇന്ത്യയുടെ ഡിജിറ്റൽ സമ്പദ്ഘടനയും കയറ്റുമതിയും മെച്ചപ്പെടുത്തുന്നതിൻറെ ഭാഗമായി ഒട്ടേറെ പുതിയ പദ്ധതികളുമായി ആമസോൺ. സൂക്ഷ്മ, ചെറുകിട, ഇടത്തരം സംരംഭങ്ങൾക്ക് ഏറെ പ്രയോജനം ചെയ്യുന്ന രീതിയിൽ ഇന്ത്യാ പോസ്റ്റും ഇന്ത്യൻ റെയിൽവേയുമായി സഹകരിച്ചുള്ള പദ്ധതികളാണ് ആമസോൺ തയ്യാറാക്കിയിരിക്കുന്നത്. ഇതുസംബന്ധിച്ച് ഇന്ത്യാ പോസ്റ്റുമായി ധാരണാ പത്രത്തിൽ ആമസോൺ ഒപ്പുവെയ്ച്ചു. ന്യൂഡൽഹിയിൽ നടന്ന ആമസോൺ സംഭവ് സമ്മിറ്റിൻറെ നാലാം എഡിഷനിലാണ് ഇതുസംബന്ധിച്ച പ്രഖ്യാപനം ആമസോൺ ഇന്ത്യാ എസ്വിപി ആന്റ് എമർജിങ് മാർക്കറ്റ്സ് അമിത് അഗർവാൾ നടത്തിയത്. കോടിക്കണക്കിന് വരുന്ന ഇന്ത്യൻ ഉപയോക്താക്കൾക്കും വിൽപ്പനക്കാർക്കും പ്രയോജനപ്പെടുന്ന സേവനങ്ങൾ ലഭ്യമാക്കുന്നതിന് ആമസോണിന് ഏറെ സന്തോഷമു്. അതിനായി 2030 വരെയുള്ള കാലഘട്ടത്തിലേക്ക് 15 ബില്യൺ ഡോളറിൻറെ മുതൽമുടക്കാണ് ആമസോൺ അടുത്തകാലത്ത് പ്രഖ്യാപിച്ചത്. ഇരുപത്തൊന്നാം നൂറ്റിലെ ഇന്ത്യയുടെ വളർച്ചയിൽ ആമസോണും പങ്കാളിയാകുമെന്ന് അമിത് അഗർവാൾ വ്യക്തമാക്കി.ഇന്ത്യാ പോസ്റ്റ്, ഇന്ത്യൻ റെയിൽവേ എന്നിവയുമായി സഹകരിക്കുന്നതോടെ രാജ്യമെമ്പാടുമുള്ള സൂക്ഷ്മ, ചെറുകിട, ഇടത്തരം സംരംഭങ്ങൾക്ക് ഇകൊമേഴ്സ് കയറ്റുമതിക്ക് കൂടുതൽ  അവസരം സൃഷ്ടിക്കുകയാണ്. കൂടാതെ ഇന്ത്യൻ റെയിൽവേയുടെ ഡെഡിക്കേറ്റഡ് ഫ്രൈറ്റ് കോറിഡോർ കോർപ്പറേഷ ഓഫ് ഇന്ത്യ (ഡിഎഫ്സി)യുമായി സഹകരിക്കുന്നതോടെ രാജ്യമെമ്പാടുമുള്ള വിൽപനക്കാർക്ക് സാധനങ്ങൾ വളരെ വേഗത്തിൽ ഉപയോക്താക്കൾക്ക്  എത്തിച്ചുകൊടുക്കാനും സാധിക്കും. ഇതോടെ ഡിഎഫ്സി വഴി ഉപയോക്താക്കൾക്ക് സാധനങ്ങൾ ഡെലിവറി ചെയ്യുന്ന  ഇന്ത്യയിലെ ആദ്യത്തെ ഇകൊമേഴ്സ് കമ്പനിയായി ആമസോൺ.വിൽപനക്കാർക്ക് സഹായകമാകുന്ന രീതിയിൽ ആർട്ടിഫിഷ്യൽ ഇൻറലിജൻസ് അടിസ്ഥാനമാക്കി ?ആമസോൺ സഹ്എഐ? എന്നൊരു പദ്ധതികൂടി ആരംഭിക്കും. ഇത് ഡയറക്ട് ടു കസ്റ്റമർ (ഡി2സി) സേവനങ്ങൾ കൂടുതൽ മെച്ചപ്പെട്ടുത്തും. ഇന്ത്യാ പോസ്റ്റുമായുള്ള സഹകരണത്തിൻറെ സ്മരണാർഥം സംഭവ്23 എന്ന പേരിൽ സ്റ്റാമ്പും പുറത്തിറക്കിയിട്ടു്.

# പുതിയ ലെക്സസ് എൽ എം ബുക്കിങ് ആരംഭിച്ചു

**കൊച്ചി:** മുൻനിര ആഡംബര വാഹന നിർമ്മാതാക്കളായ ലെക്സസ് ഇന്ത്യ, തങ്ങളുടെ മുൻനിര എംപിവിയായ ലെക്സസ് എൽഎം പുറത്തിറക്കുന്നു. ഉല്ലാസത്തിന്റെയും സർഗ്ഗാത്മകതയുടെയും സംയോജനമായ ഈ പുതിയ രാജകീയ പ്രൗഢിയുള്ള ലക്ഷ്വറി മൂവർ ഇന്ത്യയിലെ എല്ലാ അംഗീകൃത ലെക്സസ് ഗസ്റ്റ് എക്സ്പീരിയൻസ് സെന്ററുകളിലും ലെക്സസ് മെരാക്കിസിലും ഇപ്പോൾ പുതിയ ബുക്കിംഗുകൾ നടത്താം. 2020ൽ പുറത്തിറക്കിയ ആദ്യ മോഡലിന് ഏഷ്യൻ വിപണികളിൽ ലഭിച്ച മികച്ച പ്രതികരണവും തുടർ വർഷങ്ങളിൽ ആഗോള ആഡംബര വിപണിയിലെ ആവശ്യങ്ങളും ആഗ്രഹങ്ങളുമാണ് പുതിയ എൽ എമ്മിനെ ഒരു 'ലക്ഷ്വറി മൂവർ' ആയി പുനർമൂല്യനിർണ്ണയം നടത്താൻ കമ്പനിയെ പ്രേരിപ്പിച്ചത്.48 ഇഞ്ച് അൾട്രാ വൈഡ് ഡിസ്പ്ലേ, റിയർ ടാർഗെറ്റഡ് എ/സി അഡ്ജസ്റ്റ്മെന്റ് ഫംഗ്ഷൻ, പവർ ലോംഗ് സ്ലൈഡ് റെയിൽ, മൾട്ടിപൊസിഷൻ ടിപ്പ്അപ്പ് സീറ്റ്, ഫ്രീക്വൻസി സെൻസിറ്റീവ് പിസ്റ്റൺ വാൽവ്, സാറ്റിൻഇഫക്റ്റ് ഹോട്ട് സ്റ്റാമ്പിംഗ് ഗ്രിൽ, പ്രത്യേക ഫ്ര് / റിയർ ഓഡിയോ ഔട്ട്പുട്ട് സിസ്റ്റം, ആംറെസ്റ്റ് & ഒട്ടോമൻ ഹീറ്ററുകൾ, റിയർ ക്ലൈമറ്റ് കൺസേർജ്, ഹോളോ ക്ലാംഷെൽ ഫ്ര് സസ്പെൻഷൻ ലോവർ ആം, ഡോർ ഈസി ക്ലോസർ തുടങ്ങിയ നിരവധി സവിശേഷതകളടങ്ങിയ പുതിയ ലെക്സസ് എൽഎം യാത്രാസുഖം, നിശബ്ദത, പ്രവർത്തനത്തിൽ വേരൂന്നിയ എക്സ്റ്റീരിയർ ഡിസൈൻ, സുഖകരവും സൗകര്യപ്രദവുമായ വിശാലമായ ഇന്റീരിയർ, അഡ്വാൻസ്ഡ് പ്രിവന്റീവ് സേഫ്റ്റി ടെക്നോളജി ലെക്സസ് സേഫ്റ്റി സിസ്റ്റം, സുഖപ്രദമായ മൊബിലിറ്റിയെ പിന്തുണയ്ക്കുന്ന ലെക്സസ് ടീംമേറ്റ് എന്നിവ പ്രദാനം ചെയ്യുന്നു.ഇന്ത്യയിലെ ഏറ്റവും പുതിയ ലെക്സസ് എൽഎംന്റെ വരവ് പ്രഖ്യാപിക്കുന്നതിൽ തങ്ങൾക്ക് സന്തോഷമുണ്ടെന്നും ഇന്ത്യയിലെ ലെക്സസിന്റെ പുതിയ വിഭാഗമാണിതെന്നും ലെക്സസ് ഇന്ത്യ പ്രസിഡന്റ് നവീൻ സോണി പറഞ്ഞു. ഈ വർഷമാദ്യം ഓട്ടോ എക്സ്പോയിൽ പ്രദർശിപ്പിച്ച മുൻ തലമുറ എൽ എംന് മികച്ച പ്രതികരണമാണ് ലഭിച്ചത്, അസാധാരണമായ അനുഭവങ്ങൾ നൽകാനുള്ള ഞങ്ങളുടെ പ്രതിബദ്ധത വീും ഉറപ്പിക്കുന്നു. വ്യവസായത്തിൽ അൾട്രാ ലക്ഷ്വറി മൊബിലിറ്റിക്കായി എൽഎം ഒരു പുതിയ മാനദണ്ഡം അവതരിപ്പിക്കുമെന്നും നവീൻ സോണി പറഞ്ഞു.




# ത്രീ ഡി പൂക്കളമൊരുക്കി ചെന്നൈ കമ്പനിയിലെ മലയാളി ഐ ടി ജീവനക്കാർ



**ചെന്നൈ :** ഓണത്തിന് വ്യത്യസ്തമായ ത്രീഡി പൂക്കാളമൊരുക്കി ഒരുപറ്റം ഐ ടി മലയാളീ ജീവനക്കാർ. ചെന്നൈ ആസ്ഥാനമായ സോഹോ കോർപറേഷൻ പ്രൈവറ്റ് ലിമിറ്റഡ് കമ്പനിയിലെ മലയാളി ജീവക്കാർ ചേർന്നാണ് 10അടി വലിപ്പത്തിലുള്ള 3ഡി പൂക്കളം ഒരുക്കിയത്. 30 പേർ ചേർന്നൊരുക്കിയ പൂക്കളം മൂന്നു മണിക്കൂറിലാണ് ഒരുക്കിയത്.3ഡി ചിത്രം വരച്ചു അതിൽ പൂക്കൾ നിറച്ചാണ് ഇതൊരുക്കിയത്.3ഡി പെയിന്റിംഗ് പോലെ പൂക്കൾ കൊും 3ഡിയിൽ ഒരുക്കാൻ പൂക്കളം സാധിക്കുമോ എന്ന ആശങ്ക ഉായിരുന്നുവെങ്കിലും സാധാരണ പൂക്കളത്തിൽ നിന്നും ഒരു വ്യത്യസ്ത കൊു വരാനാണു ഇത്തരമൊരു പൂക്കളമൊരുക്കിയതെന്നു ജീവനക്കാർ അറിയിച്ചു.

# കരിസ്മ എക്സ്എംആർ പുറത്തിറക്കി ഹീറോ; വില 1.72 ലക്ഷം മുതൽ

**കൊച്ചി:** ഓഗസ്റ് 30, 2023: കരിസ്മ എക്സ്എംആർ അവതരിപ്പിച്ച് പ്രമുഖ മോട്ടോർ സൈക്കിൾ, സ്കൂട്ടർ നിർമ്മാതാക്കളായ ഹീറോ മോട്ടോകോർപ്പ്. 210 സിസി ലിക്വിഡ് കൂൾഡ് ഡിഒഎച്ച്സി എഞ്ചിന്റെ കരുത്തുമായാണ് പുതിയ കരിസ്മ നിരത്തുകളിലെത്തുന്നത്. സ്ലിപ്പ് ആന്റ് അസിസ്റ്റ് ക്ലച്ച്, ഡ്യുവൽ ചാനൽ എബിഎസ് എന്നിവ അടങ്ങിയ 6സ്പീഡ് ട്രാൻസ്മിഷനാണ് കരിസ്മ എക്സ്എംആറിന്റെ പ്രധാന പ്രത്യേകതകൾ. 1,72,900 രൂപയാണ് വില. മൂന്നു വർഷത്തെ ഇടവേളക്കു ശേഷമാണ് ഇന്ത്യൻ വിപണിയിൽ കരിസ്മയുടെ തിരിച്ചുവരവ്.210 സിസി സിംഗിൾ സിലിർ, ലിക്വിഡ് കൂൾഡ്, 4 വാൽവ്, ഡിഒഎച്ച്സി എൻജിനാണ് ഹീറോ കരിസ്മ എക്സ്എംആറിലുള്ളത്. 9,250 ആർപിഎമ്മിൽ 25.15യവു കരുത്തും 7,250 ആർപിഎമ്മിൽ പരമാവധി 20.4ചാ ടോർക്കും പുറത്തെടുക്കാൻ കരിസ്മ എക്സ്എംആറിനാവും. സ്ലിപ് ആൻഡ് അസിസ്റ്റ് ക്ലച്ചുകളോടെ 6 സ്പീഡ് ഗിയർ ബോക്സാണ് എൻജിനുമായി ബന്ധിപ്പിച്ചിരിക്കുന്നത്.ഫ്ര് സസ്പെൻഷനിലെ 37 എംഎം വിസ്തീർണ്ണമുള്ള പിഞ്ച് ബോൾട്ടഡ് ഫോർക്കുകൾ സുഗമമായ റൈഡ് നിലവാരം ഉറപ്പാക്കുന്നു . അതോടൊപ്പം തന്നെ സെഗ്മെന്റിലെ ഏറ്റവും മികച്ച റൈഡർ ലെഗ് റൂമും വിശാലമായ പില്ല്യൺ സീറ്റും പ്രധാനം ചെയ്യുന്നു. ഹീറോ കരിസ്മ എക്സ്എംആറിന്റെ ഏറ്റവും ശ്രദ്ധേയമായ സവിശേഷത അതിന്റെ രൂപകൽപനയാണ്. ഇന്ധന ടാങ്കിന്റെ സവിശേഷമായ രൂപകൽപന, സ്പ്ലിറ്റ് സീറ്റുകൾ, ഹാൻഡിൽ ബാറിലെ ക്ലിപ്, ഒതുങ്ങിയ എക്സ്ഹോസ്റ്റ്, മെലിഞ്ഞ എൽഇഡി ലാംപുകൾ എന്നിവ സ്പോർട്ടി ലുക്ക് നൽകുന്നു. ഐക്കോണിക് യെല്ലോയ്ക്ക് പുറമെ, ടർബോ റെഡ്, മാറ്റ് ഫാന്റം ബ്ലാക്ക് എന്നീ മൂന്ന് നിറങ്ങളിൽ ലഭ്യമാണ്.മികച്ച ക്ലാസ്ഡി എൽഇഡി പ്രൊജക്ടർ ഹെഡ്ല് ലാമ്പ്, ഒ ആകൃതിയിലുള്ള എൽഇഡി ടെയ്ൽ ലൈറ്റ്, ബാക്ക്ലിറ്റ് സ്വിച്ച് ഗിയർ, ഹസാർഡ് സ്വിച്ച് എന്നിവയോട് കൂടിയാണ് പുതിയ കരിസ്മ എക്സ്എംആർ എത്തുന്നത്.നാവിഗേഷനും മറ്റ് വിവരങ്ങളും വ്യകതമായി കാണുവാൻ തക്കരീതിയിലുള്ള ഇൻവർട്ടഡ് ഡിസ്പ്ലേ എൽസിഡി സ്പീഡോമീറ്ററാണ് കരിസ്മ എക്സ് എംആറിനുള്ളത്. ബ്ലൂടൂത്ത് കണക്ടിവിറ്റിയോടെയുള്ള എൽസിഡി ഡിജിറ്റൽ ഇൻസ്ട്രുമെന്റ് ക്ലസ്റ്ററിൽ നാവിഗേഷൻ, വാഹനത്തിന്റെ ബാറ്ററിയുടെ അവസ്ഥ, റെയ്ഞ്ച്, ഗിയർ പൊസിഷൻ ഇൻഡിക്കേറ്റർ, ഷിഫ്റ്റ് അഡ്വൈസറി, ആമ്പിയന്റ് ലൈറ്റ് സെൻസർ, ഗിയർ ഷിഫ്റ്റ് ആന്റ് ലോ ഫ്യുവൽ ഇൻഡിക്കേറ്റർ, ട്രിപ്പ് മീറ്റർ തുടങ്ങിയ 39 വ്യത്യസ്ത ഫംക്ഷനുകളു്.

**www.heromotocorp.com** എന്ന വെബ്സൈറ്റ് സന്ദർശിച്ചോ 7046210210 എന്ന നമ്പറിറിൽ ബന്ധപ്പെട്ടോ 3000/ രൂപ നൽകി ഇന്ന് മുതൽ ഓൺലൈനായി ബുക്ക് ചെയ്യാം



# റയ്റ്റ് ഗെയിംസ് റയ്റ്റ് വാൽറന്റ് പ്രീമിയർ അവതരിപ്പിക്കുന്നു




**കൊച്ചി:** റയ്റ്റ് ഗെയിംസിൽ നിന്നുള്ള പുതിയ മത്സര മോഡായ വാൽറന്റ് പ്രീമിയർ അവതരിപ്പിക്കുന്നു.

റയ്റ്റ് ഗെയിംസിൽ നിന്നുള്ള 55 കഥാപാത്രങ്ങളെ അടിസ്ഥാനമാക്കിയുള്ള ടാക്ടിക്കൽ ഷൂട്ടർ ഗെയിം ആണ് വാൽറന്റ്. ഗെയിമിനെയും സ്പോർട്സിനെയും മൊത്തത്തിൽ ഒന്നായി ബന്ധിപ്പിക്കുന്ന വാൽറന്റ്ന്റെ ടീം അധിഷ്ഠിത മത്സര സംവിധാനമായിരിക്കും പ്രീമിയർ . കളിക്കാർക്ക് ഇപ്പോൾ സ്വന്തം ടീമുകൾ രൂപീകരിക്കാനും നിയുക്ത മാപ്പുകളിൽ പ്രതിവാര മത്സരങ്ങളുടെ പരമ്പരയിൽ മത്സരിക്കാനും കഴിയും. മതിയായ മത്സരങ്ങൾ ജയിക്കുന്നവർക്ക് അവസാനം പ്ലേ ഓഫ് ടൂർണമെന്റിൽ പ്രവേശനം ലഭിക്കും. കുറച്ച് കാലമായി ബീറ്റ ടെസ്റ്റിംഗിലായിരുന്ന മോഡ്, ഇപ്പോൾ ലോകമെമ്പാടുമുള്ള എല്ലാ ഗെയിമർമാർക്കുമായി ഓപ്പൺ ചെയ്തിരിക്കുന്നുവെന്ന് കമ്പനി അധികൃതർ അറിയിച്ചു.

# കൂടുമത്സ്യകൃഷി ആഴക്കടലിലേക്ക് വ്യാപിപ്പിക്കണം

**കൊച്ചി:** തീരക്കടലുകളിൽ മാത്രമായി ചെയ്തുവരുന്ന നിലവിലെ കൂടുമൽസ്യകൃഷികൾ ആഴക്കടലിലേക്ക് കൂടി വ്യാപിപ്പിക്കണമെന്ന് കേന്ദ്ര ഫിഷറീസ് മന്ത്രി പർഷോത്തം രൂപാല. ഇതിനായി അനുയോജ്യമായി രൂപകൽപലന ചെയ്ത വലിയ കൂടുകൾ ആവശ്യമാണ്. നിലവിലെ 6 മീറ്റർ വ്യാസമുള്ള കൂടുകൾക്ക് പകരം 30 മീറ്ററോ അതിൽ കൂടുതലോ വ്യാസമുള്ള കൂടുകളാണ് വേത്. ലക്ഷക്കണക്കിന് മീൻകുഞ്ഞുങ്ങളെ ഒരു കൂടിൽതന്നെ ആഴക്കടലിൽ കൃഷിചെയ്യുകയാണ് ലക്ഷ്യമെന്ന് കേന്ദ്ര മന്ത്രി പറഞ്ഞു. കേന്ദ്ര സമുദ്രമത്സ്യ ഗവേഷണ സ്ഥാപനത്തിന്റെ (സിഎംഎഫ്ആർഐ) വിഴിഞ്ഞം പ്രാദേശിക ഗവേഷണ കേന്ദ്രത്തിൽ സന്ദർശനത്തിനെത്തിയതായിരുന്നു മന്ത്രി. ഇത്തരം മത്സ്യക്കൂടുകൾ നിർമിക്കുന്നതിനും ആഴക്കടൽ കൂടുകൃഷിരീതി വികസിപ്പിക്കുന്നതിനുമുള്ള ചുമതല സിഎംഎഫ്ആർഐ ഏറ്റെടുക്കണമെന്നും അദ്ദേഹം പറഞ്ഞു. സിഎംഎഫ്ആർഐയുടെ നേതൃത്വത്തിൽ പൊതുസ്വകാര്യപങ്കാളിത്ത (പിപിപി) മാതൃകയിൽ മത്സ്യങ്ങളുടെ വിത്തുൽപാദനം വൻതോതിൽ വികസിപ്പിക്കണം. കൂടുമത്സ്യകൃഷി ഉൾപ്പെടെയുള്ള സമുദ്രകൃഷി സുസ്ഥിരമായ രീതിയിൽ വികസിപ്പിക്കുന്നതിന് കേന്ദ്ര സർക്കാർ മാരികൾചർ ലീസിംഗ് പോളിസിക്ക് ഉടനെ രൂപം നൽകും. കടലിൽ മുത്തുചിപ്പിയുടെ (പേൾ ഓയിസ്റ്റർ) ഉൽപാദനം വർധിപ്പിക്കാൻ ഹാച്ചറി സാങ്കേതികവിദ്യകൾ



വികസിപ്പിക്കണം. മുത്തുചിപ്പിയുടെ ഉൽപാദനത്തിൽ ഒരുകാലത്ത് പ്രശസ്തമായിരുന്ന തൂത്തുകുടിതീരങ്ങളിൽ ഹാച്ചറികളിൽ വികസിപ്പിച്ച ഇവയുടെ വിത്തുകൾ നിക്ഷേപിക്കാനും (സീറാഞ്ചിംഗ്) സിഎംഎഫ്ആർഐ മുൻകയ്യെടുക്കണം. അനുയോജ്യമായ വിപണന സാധ്യതകൾ മനസ്സിലാക്കി സമുദ്രഅലങ്കാര മത്സ്യമേഖല കൂടുതൽ ശക്തിപ്പെടുത്തണമെന്നും കേന്ദ്ര മന്ത്രി പറഞ്ഞു.സാഗർ പരിക്രമയുടെ എട്ടാമത് ഘട്ടം കന്യാകുമാരിയിൽ തുടക്കംകുറിക്കുന്നതിന് മുന്നോടിയായാണ് കേന്ദ്ര മന്ത്രിയും സംഘവും സിഎംഎഫ്ആർഐയുടെ വിഴിഞ്ഞം കേന്ദ്രത്തിൽ സന്ദർശനം നടത്തിയത്. കേന്ദ്ര സഹമന്ത്രിമാരായ ഡോ എൽ മുരുഗൻ, വി മുരളീധരൻ എന്നിവരും സംഘത്തിലുണ്ടായിരുന്നു.

## ലിറ്റിൽ കൈറ്റ്സ് സ്കൂൾ ക്യാമ്പുകൾ

**കൊച്ചി:** ലിറ്റിൽ കൈറ്റ്സ് യൂണിറ്റുകളുടെ ഈ വർഷത്തെ സ്കൂൾ ക്യാമ്പുകൾ വിവിധ ഡിജിറ്റൽ ഓണാഘോഷ പരിപാടികളുമായി സെപ്റ്റംബർ 1, 2, 3 തീയതികളിൽ നടക്കും. ഓണാഘോഷം എന്ന തീമിനെ അടിസ്ഥാനമാക്കിയാണ് യൂണിറ്റ് ക്യാമ്പിലെ പ്രവർത്തനങ്ങൾ കമ്പ്യൂട്ടർ അധിഷ്ഠിതമായി ചിട്ടപ്പെടുത്തിയിരിക്കുന്നത്.സ്ക്രാച്ച് പ്രോഗ്രാമിങ് സോഫ്റ്റ് വെയറിൽ തയ്യാറാക്കിയ റിഥം കമ്പോസർ ഉപയോഗിച്ച് ഓഡിയോ ബീറ്റുകൾ തയ്യാറാക്കുന്ന പ്രവർത്തനം, പൂക്കൾ ശേഖരിച്ച് ഓണപ്പൂക്കള മൊരുക്കുന്ന കമ്പ്യൂട്ടർ ഗെയിം തയ്യാറാക്കൽ, സ്വതന്ത്രദിമാന അനിമേഷൻ സോഫ്റ്റ് വെയറായ ഓപ്പൺ ടൂൺസ് ഉപയോഗിച്ച് അനിമേഷൻ റീലുകൾ, ജിഫ് ചിത്രങ്ങൾ, ഓണവുമായി ബന്ധപ്പെട്ട പ്രൊമോഷൻ വീഡിയോകൾ തയ്യാറാക്കൽ എന്നിവയാണ് യൂണിറ്റ് ക്യാമ്പിലെ പ്രധാന പ്രവർത്തനങ്ങൾ. ക്യാമ്പിലെ പ്രവർത്തനങ്ങളുടെ തുടർ ച്ചയായി ഓരോ ക്യാമ്പംഗവും അസൈൻമെന്റ് തയ്യാറാക്കി സമർപ്പിക്കും . ക്യാമ്പിലെ പ്രവർത്തനങ്ങൾ വിലയിരുത്തി മികച്ച വിദ്യാർത്ഥികളെ നവംബറിൽ നടക്കുന്ന ഉപജില്ലാ ക്യാമ്പിലേക്ക് തെരഞ്ഞെടുക്കുന്നതാണ്. ഉപജില്ലാ ക്യാമ്പിൽ ആനിമേഷൻ, പ്രോഗ്രാമിംഗ് മേഖലകളിൽ പ്രവർത്തനങ്ങളാണ് ചിട്ടപ്പെടുത്തിയിരിക്കുന്നത്.ജില്ലയിലെ 197 വിദ്യാലയങ്ങളിൽ നിന്നായി 6346 കുട്ടികൾ ക്യാമ്പിൽ പങ്കെടുക്കും ക്യാമ്പ് വിജയകരമായി പൂർത്തിയാക്കുന്നതിനായി 96 അധ്യാപകർക്ക് ക്യാമ്പ് ഉള്ളടക്കവുമായി ബന്ധപ്പെട്ട പ്രത്യേക പരിശീലനം നൽകി. ജില്ലയിൽ 8, 9, 10 ക്ലാസുകളിൽ നിന്നായി 19122 കുട്ടികൾ ലിറ്റിൽ കൈറ്റ്സ് അംഗങ്ങളാണ്.

# ലോക നാളികേര ദിനാഘോഷം കാസർഗോഡ് സിപിസിആർഐയിൽ

**കൊച്ചി:** നാളികേര വികസന ബോർഡിന്റെയും കാസർഗോഡ് ഐസിഎആർ-സിപിസിആർഐയുടെയും സംയുക്താഭിമുഖ്യത്തിൽ 25ാമത് ലോക നാളികേര ദിനാഘോഷം സെപ്റ്റംബർ 2ന് കാസർഗോഡ് സിപിസിആർഐയുടെ പിജെ ഹാളിൽ കേന്ദ്ര കൃഷി, കർഷക ക്ഷേമ സഹമന്ത്രി കുമാരി. ശോഭ കരന്ദ്‌ലാജെ ഉദ്ഘാടനം ചെയ്യും. കാസർഗോഡ് എംപി, രാജ്മോഹൻ ഉണ്ണിത്താൻ, അധ്യക്ഷത വഹിക്കും.കേരളം, കർണാടക, തമിഴ്നാട്, ആന്ധ്രാപ്രദേശ് എന്നിവിടങ്ങളിൽ നിന്നുള്ള പുരോഗമന കർഷകരും സംരംഭകരും ഉത്പാദകരും ഗവേഷകരും പരിപാടിയിൽ പങ്കെടുക്കും. ഐസിഎആർ, നാളികേര വികസന ബോർഡ് ഉദ്യോഗസ്ഥർ, വിവിധ സർക്കാർ വകുപ്പുകളുടെ പ്രതിനിധികൾ എന്നിവർ പരിപാടിയിൽ പങ്കെടുക്കും. 2023 ലെ ലോക നാളികേര ദിനത്തിന്റെ പ്രമേയം 'വർത്തമാന - ഭാവി തലമുറയ്ക്കായി നാളികേര മേഖലയെ സുസ്ഥിരമാക്കുക' എന്നതാണ്. സംസ്ഥാന കൃഷി/ഹോർട്ടികൾച്ചർ വകുപ്പുകൾ, സംസ്ഥാന കാർഷിക സർവ്വകലാശാലകൾ എന്നിവയുടെ സഹകരണത്തോടെ രാജ്യത്തുടനീളമുള്ള നാളികേര വികസന ബോർഡിന്റെ എല്ലാ പ്രാദേശിക ഓഫീസുകളിലും സംസ്ഥാന കേന്ദ്രങ്ങളിലും വിത്തുൽപ്പാദന പ്രദർശന തോട്ടങ്ങളിലും ലോക നാളികേര ദിനം ആഘോഷിക്കും.അന്താരാഷ്ട്ര നാളികേര സമൂഹത്തിന്റെ (ഐസിസി) സ്ഥാപക ദിനമായ സെപ്റ്റംബർ 2, ഏഷ്യ പസഫിക് മേഖലയിലെ എല്ലാ നാളികേര ഉൽപാദക രാജ്യങ്ങളും വർഷം തോറും ലോക നാളികേര ദിനമായി ആചരിക്കുന്നു. ഇന്ത്യ ഐസിസിയുടെ സ്ഥാപക അംഗമാണ്. നാളികേരവുമായി ബന്ധപ്പെട്ട എല്ലാ പ്രവർത്തനങ്ങളും പ്രോത്സാഹിപ്പിക്കുകയും അതുവഴി ഐസിസി അംഗരാജ്യങ്ങളിലെ ചെറുകിട കർഷകരെയും നാളികേര വ്യവസായങ്ങളെയും ശാക്തീകരിക്കുകയും ചെയ്യുക എന്നതാണ് ലോക നാളികേര ദിനം ആചരിക്കുന്നതിന്റെ ലക്ഷ്യം.കേരള, കർണാടക, തമിഴ്നാട്, ആന്ധ്രാപ്രദേശ്, മഹാരാഷ്ട്ര, ഗോവ, ഗുജറാത്ത് എന്നിവിടങ്ങളിൽ നിന്നുള്ള നാളികേര മേഖലയിലെ കർഷക കൂട്ടായ്മകളെ പ്രതിനിധീകരിച്ച് നാളികേര കർഷകർ പങ്കെടുക്കുന്ന പരിപാടിയുടെ ഭാഗമായി മികച്ച ലാഭത്തോടെ തെങ്ങ് കൃഷി പ്രോത്സാഹിപ്പിക്കുന്നതിനുള്ള ബിസിനസ്സ് മീറ്റും കാസർഗോഡ് നടക്കും. സാങ്കേതിക സെഷനുകളും, കർഷക കൂട്ടായ്മകൾ നിർദ്ദേശിക്കുന്ന നാളികേര ബിസിനസ്സ് പ്ലാനുകളെക്കുറിച്ചുള്ള പാനൽ ചർച്ചയും ഇതോടൊപ്പം ഉണ്ടായിരിക്കും. 25ലധികം സംരംഭകരുടെ സാങ്കേതികവിദ്യകളുടേയും ഉൽപ്പന്നങ്ങളുടേയും പ്രദർശനവും ഇതോടൊപ്പം സംഘടിപ്പിച്ചിട്ടുണ്ട്.




RNI No:KERMAL/2018/76135 Society Today Magazine-Special Issue-Private circulation, Kochi-26, 0484-3512288, Kerala.E-mail-societytodaynews@gmail.com